بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 20

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 മെയ് 19/ഹി.ശം. 1401 ഹിജ്റത്ത് 19/ഹിജ്റ 1443 ശവ്വാൽ 17

## അല്ലാഹുവിന്റെ വചനം

وَاَنۡذِرۡ بِہِ الَّذِیۡنَ یَخَافُوۡنَ اَنۡ یُّحۡشَرُوۡۤا
اِلٰی رَبِّہِمۡ لَیۡسَ لَہُمۡ مِّنۡ دُوۡنِہٖ وَلِیٌّ
وَّلَا شَفِیۡعٌ لَّعَلَّہُمۡ یَتَّقُوۡنَ

(سورة الانعام: 52)

'തങ്ങളുടെ നാഥന്റെ അടുക്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് ഇത്(ഈ വചനം)മുഖേന മുന്നറിയിപ്പ് നല്കുക. അവർക്ക് അവനല്ലാതെ ഒരു രക്ഷകനോ ശിപാർശകനോ ഉണ്ടാകുകയില്ലെന്ന്;അവർ സൂക്ഷ്മത കൈക്കൊള്ളുന്നതിനുവേണ്ടി.'(6:52)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ഗുണത്തിനുവേണ്ടി നഫ്ൽ നോമ്പ് മുറിക്കൽ

(1968) വഹബ് ബിൻ അബ്ദുല്ലാഹ് സവാഇയിൽനിന്ന് നിവേദനം. നബി(സ) തിരുമേനി സൽമാൻ, അബൂദർദ്ദാഅ് എന്നിവർക്കിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അങ്ങനെ ഒരു ദിവസം സൽമാൻ(റ) അബൂദർദ്ദാഅ്(റ)നെ സന്ദർശിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഉമ്മുദർദ്ദാഅ്നെ വസ്ത്രത്തിന്റെ മോടിയിലും മറ്റും ഒരു ശ്രദ്ധയുമില്ലാതെ സൽമാൻ കണ്ടു. അദ്ദേഹം ചോദിച്ചു, എന്താണ് നിങ്ങളുടെ പ്രശ്നം. അവർ പറഞ്ഞു: താങ്കളുടെ സഹോദരൻ അബൂദർദ്ദാഅ്ന് ഐഹികകാര്യങ്ങളിൽ ഒരു താൽപര്യവുമില്ല. കുറച്ചു കഴിഞ്ഞപ്പോൾ അബൂദർദ്ദാഅ് കയറി വന്നു. സൽമാനുവേണ്ടി ഭക്ഷണം തയ്യാറാക്കിക്കൊണ്ടുവന്നു പറഞ്ഞു: നിങ്ങൾ കഴിച്ചുകൊള്ളുവിൻ. ഞാൻ നോമ്പുകാരനാണ്. സൽമാൻ പറഞ്ഞു: താങ്കൾ ഭക്ഷിക്കാതെ ഞാൻ ഭക്ഷിക്കുകയില്ല. അപ്പോൾ അബൂദർദ്ദാഅ് ഭക്ഷിച്ചു. രാത്രിയായപ്പോൾ അബൂദർദ്ദാഅ് നമസ്കരിക്കുവാൻ തുടങ്ങി. താങ്കൾപോയി കിടന്നുറങ്ങുക എന്ന് സൽമാൻ കൽപിച്ചു. അപ്പോൾ അദ്ദേഹം പോയി കിടന്നുറങ്ങി വീണ്ടും എഴുന്നേറ്റു നമസ്കരിക്കാൻ തുടങ്ങി. സൽമാൻ വീണ്ടും പറഞ്ഞു; പോയിക്കിടന്നുറങ്ങുക. അങ്ങനെ രാത്രിയുടെ അന്ത്യയാമത്തിൽ അദ്ദേഹം അബൂദർദ്ദാഅ്നെ വിളിച്ചുണർത്തിക്കൊണ്ടു പറഞ്ഞു, ഇപ്പോൾ എഴുന്നേറ്റു നമസ്കരിക്കുക. അങ്ങനെ അവർ രണ്ടുപേരും നമസ്കരിച്ചു. ശേഷം സൽമാൻ അബൂദർദ്ദാഅ്നോടു പറഞ്ഞു: നിന്റെ രക്ഷിതാവിനും നിന്റെ ശരീരത്തിനും നിന്റെ ഭാര്യയ്ക്കും നിന്നിൽ അവകാശമുണ്ട്. ഓരോരുത്തരുടേയും അവകാശം നീ നല്കുക. പ്രഭാതമായപ്പോൾ അബൂദർദ്ദാഅ് നബി(സ)തിരുമേനിയുടെ അടുത്തുചെന്ന് വിവരങ്ങളെല്ലാം പറഞ്ഞു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു, സൽമാൻ പറഞ്ഞത് സത്യം തന്നെ.*(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സൗം, പ്രസാധനം ഖാദിയാൻ 2008)*

**തന്റെ ബുദ്ധിയിലും അറിവിലും അല്ലെങ്കിൽ ധനത്തിലും സ്വത്തിലും അഹങ്കരിക്കുന്നവൻ വിഡ്ഢിയാണ്. കാരണം ഇതെല്ലാം അല്ലാഹുതന്നെ പ്രദാനം ചെയ്തതാണ്. അവൻ അത് എവിടെന്നു കൊണ്ടുവരാനാണ്? സ്വന്തം ദൗർബല്യത്തേയും ബലഹീനതയേയും കുറിച്ച് തികഞ്ഞ ബോധവും ചിന്തയുമുണ്ടാകുക എന്നത് ദുആ ചെയ്യുന്നതിന് അത്യാവശ്യമായ കാര്യമാണ്. തന്റെ ബലഹീനതകളെ കുറിച്ച് ചിന്തിക്കുന്നത്രയും സ്വയം അല്ലാഹുവിന്റെ സഹായത്തിന് ആശ്രയനായി കാണുന്നതായിരിക്കും. ഈ രീതിയിൽ അവന്റെ ഉള്ളിൽ ദുആ ചെയ്യുന്നതിന് ഒരു ആവേശമുണ്ടാകുന്നതായിരിക്കും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

***ഖുലിഖൽഇൻസാനു ളയീഫ*** (4:29)എന്നത് സത്യമായ കാര്യമാണ്. മനുഷ്യൻ ദുർബ്ബല സൃഷ്ടിയാണ്. അല്ലാഹുവിന്റെ കൃപയും ദയയുമില്ലാതെ അവനൊന്നും ചെയ്യാൻ സാധിക്കുകയില്ല. അവന്റെ അസ്തിത്വവും അവന്റെ പരിപാലനവും അവന്റെ നിലനില്പിനുള്ള സകല സാധന സാമഗ്രികളും അല്ലാഹുവിന്റെ കൃപയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. തന്റെ ബുദ്ധിയിലും അറിവിലും അല്ലെങ്കിൽ ധനത്തിലും സ്വത്തിലും അഹങ്കരിക്കുന്നവൻ വിഡ്ഢിയാണ്. കാരണം ഇതെല്ലാം അല്ലാഹുതന്നെ പ്രദാനം ചെയ്തിട്ടുള്ളതാണ്. അവൻ അത് എവിടെന്നു കൊണ്ടുവരാനാണ്? സ്വന്തം ദൗർബല്യത്തേയും ബലഹീനതയേയും കുറിച്ച് തികഞ്ഞ ബോധവും ചിന്തയുമുണ്ടാകുക എന്നത് ദുആ ചെയ്യുന്നതിന് അത്യാവശ്യമായ കാര്യമാണ്. തന്റെ ബലഹീനതകളെ കുറിച്ച് ചിന്തിക്കുന്നത്രയും സ്വയം അല്ലാഹുവിന്റെ സഹാത്തിന് ആശ്രയനായി കാണുന്നതായിരിക്കും. ഈ രീതിയിൽ അവന്റെ ഉള്ളിൽ ദുആ ചെയ്യുന്നതിന് ഒരു ആവേശമുണ്ടാകുന്നതായിരിക്കും. മനുഷ്യൻ നാശത്തിൽ അകപ്പെടുമ്പോൾ, ദുഃഖവും കഷ്ടപ്പാടുമുണ്ടാകുമ്പോൾ വലിയ ഉച്ചത്തിൽ വിളിക്കുകയും മുറവിളികൂട്ടുകയും മറ്റുളളവരിൽനിന്ന് സഹായം തേടുകയും ചെയ്യുന്നു. ഇപ്രകാരം അവൻ തന്റെ ബലഹീനതകളിലും ഇടർച്ചകളിലും ചിന്തിക്കുമ്പോൾ എപ്പോഴും തനിക്ക് അല്ലാഹുവിന്റെ സഹായം ആവശ്യമുണ്ടെന്ന് കാണുന്നതായിരിക്കും. ഇങ്ങനെ പൂർണമായ ആവേശത്തോടും വേദനയോടുംകൂടി അനിയന്ത്രിതനായി ദൈവസന്നിധിയിൽ വീഴുകയും മുറവിളികൂട്ടുകയും **യാ! റബ്ബി യാ! റബ്ബി** എന്ന് പറഞ്ഞ് വിളിക്കുകയും ചെയ്യും. ശ്രദ്ധയോടെ വിശുദ്ധ ഖുർആനിനെ നോക്കുക; എന്നാൽ, ആദ്യ സൂറത്തിൽത്തന്നെ അല്ലാഹു ദുആയ്ക്കുള്ള പാഠം നല്കിയെന്ന് നിങ്ങൾക്ക് മനസ്സിലാകും. ***ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത ലയ്ഹിം ഗയ്രിൽ മഗ്ളൂബി അലയ്ഹിം വലള്ളാല്ലീൻ*** (അൽഫാത്തിഹ:6 - 7) എല്ലാ ഫലങ്ങളേയും എല്ലാ നേട്ടങ്ങളേയും ഉൾക്കൊള്ളുകയും എല്ലാ നഷ്ടങ്ങളിൽനിന്നും ദോഷങ്ങളിൽനിന്നും രക്ഷിക്കുമ്പോഴുമാണ് ദുആ സമ്പൂർണമായിത്തീരുന്നത്. അതുകൊണ്ട് കിട്ടാവുന്നതും സാധ്യമാകാവുന്നതുമായ എല്ലാ ഫലങ്ങളും ഈ ദുആയിൽ തേടപ്പെടുന്നുണ്ട്. ഇതിൽ മനുഷ്യനെ നശിപ്പിക്കുന്ന ഏറ്റവും വലിയ നാശകരമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള ദുആയുമുണ്ട്.

ഞാൻ പല പ്രാവശ്യവും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, അനുഗൃഹീതരായവർ നാലു തരത്തിലുള്ള ആളുകളാണ്;ഒന്നാമത്തേത് നബി, രണ്ടാമത്തേത് സ്വിദ്ദീഖ്, മൂന്നാമത്തേത് ശഹീദ്, നാലാമത്തേത് സ്വാലിഹീൻ. അതുകൊണ്ട് ഈ ദുആയിൽ ഈ നാലു സംഘക്കാരുടേയും ശ്രേഷ്ഠതകളാണ് ആവശ്യപ്പെടുന്നത്.' *(മൽഫൂദാത്ത് വാല്യം 1, പേജ് 372, പ്രസാധനം 2003 ഖാദിയാൻ)*

**വിശുദ്ധ ഖുർആനല്ലാതെ മറ്റേതു അധ്യാപനത്തിനാണ് ലോകത്തിലെ ഭിന്നാഭിപ്രായങ്ങൾ വിപാടനം ചെയ്യാൻ കഴിയുക. ഈ ഗ്രന്ഥം അല്ലാഹുവിൽനിന്നുള്ളതാണെന്ന് ജനങ്ങൾക്കു മനസ്സിലാകുകയാണെങ്കിൽ, അപ്പോൾ അവർ തങ്ങളുടെ ചിന്താഗതികൾ ഉപേക്ഷിക്കുന്നതാണ്.**

സൂറത്തുന്നഹ്ലിന്റെ 65-ാം വചനമായ, **വമാ അൻസൽനാ അലയ്ക്കൽ കിതാബ ഇല്ലാ ലിതുബയ്യിന ലഹുമുല്ലദിഖ്തലഫൂ ഫീഹി വ ഹുദൻ വ്വ റഹ്മത്തൻ ല്ലിഖൗമിൻ യുഅ്മിനൂൻ** (ജനങ്ങൾ ഏതൊരു കാര്യത്തിൽ ഭിന്നാഭിപ്രായക്കാരായിരുന്നുവോ ആ കാര്യം നീ അവർക്കു വിവരിച്ചു കൊടുക്കാൻവേണ്ടിയല്ലാതെ നാം നിനക്ക് ഈ ഗ്രന്ഥം അവതരിപ്പിച്ചു തന്നിട്ടില്ല. ഇത് വിശ്വസിക്കുന്ന ജനതയ്ക്ക് ഒരു മാർഗദർശനവും ഒരു കാരുണ്യവുമാകുന്നു) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ദൈവിക ഗ്രന്ഥം ഇറങ്ങേണ്ടതിന് മറ്റൊരു ആവശ്യംകൂടിയുണ്ട്. അതായത് ലോകത്ത് ജനങ്ങളിൽ ധാർമികപരവും മതപരവുമായ കാര്യങ്ങളിൽ ശക്തമായ ഭിന്നാഭിപ്രായങ്ങളാണ് കാണുന്നത്. ഈ ഭിന്നാഭിപ്രായങ്ങൾ അല്ലാഹുവിൽനിന്ന് ഒരു ദൃഢഗാഢമായ അറിവ് കരസ്ഥമാകാതെ എങ്ങനെ അകലാനാണ്? ഈ അറിവു നല്കുന്നതിനുവേണ്ടിയാണ് ഈ ഗ്രന്ഥം ഇറങ്ങി

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**“എന്റെ പിതാവ് ഖലീഫയാക്കപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന് നേതൃത്വം ഏൽപിക്കുകയും ചെയ്തു. അപ്പോൾ ഖിലാഫത്തിന്റെ ആദ്യ കാലത്തുതന്നെ അദ്ദേഹം എല്ലാതരം ഫിത്നകളുടെ തിരമാലകളേയും കള്ളനുബുവ്വത്ത് വാദികളുടെ അശ്രാന്ത പരിശ്രമങ്ങളേയും മുർത്തദ്ദായ മുനാഫിഖീങ്ങളുടേയും കലാപങ്ങൾ കാണുകയുണ്ടായി. അദ്ദേഹത്തിന് എത്രമാത്രം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നുവെന്നാൽ അവയെല്ലാം ഒരു പർവതത്തിനുമേൽ പതിച്ചിരുന്നുവെങ്കിൽ തീർച്ചയായും അത് ഭൂമിയോടു ചേരുകയും ധൂളീകരിക്കപ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന് പ്രവാചകന്മാരുടേതുപോലുള്ള ക്ഷമയാണ് നൽകപ്പെട്ടത്.”**

### നബി(സ) തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

ഹദ്റത്ത് അബൂബക്ർ ഭൂമിശാസ്ത്രപരമായ സൂക്ഷ്മമായ അറിവുള്ളയാളായിരുന്നു. ഭൂമിയുടെ അടയാളങ്ങളേയും ജനവാസകേന്ദ്രങ്ങളേയും അറേബ്യൻ ഉപദ്വീപുകളിലെ വഴികളേയും കുറിച്ച് നല്ല വിവരമുണ്ടായിരുന്നു. അതായത് അറേബ്യൻ ഉപദ്വീപ് ശരീരത്തിന്റെ രൂപത്തിൽ അദ്ദേഹത്തിന്റെ കണ്ണിന്റെ മുമ്പിലുണ്ടായിരുന്നു. വർത്തമാന കാലത്ത് ആധുനിക ടെക്നോളജി മുഖേന

### മതപരിത്യാഗത്തിന്റെ കലാപങ്ങളുടേയും കലഹങ്ങളുടേയുമിടയിലുണ്ടായ സൈനികനടപടികളെ കുറിച്ചുള്ള ചർച്ച

**അബൂബക്ർ അയച്ച സൈന്യങ്ങൾ പരസ്പരം ബന്ധമുള്ളതായിരുന്നു. ഇതു ഖിലാഫത്തിന്റെ സുപ്രധാന വിജയങ്ങളിൽപ്പെട്ടതായിരുന്നു. കാരണം ഈ സൈന്യത്തിനുള്ളിൽ നേതൃത്വത്തിന്റെ പാടവത്തോടൊപ്പം നല്ല അച്ചടക്കവുമുണ്ടായിരുന്നു.**

**ഖുത്ബ ജുമുഅ 2022 ഏപ്രിൽ 15/1401 ശഹാദത്ത് 15, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബയ്ക്കു മുമ്പേയുള്ള ഖുത്ബ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സംഭവങ്ങളെ കുറിച്ചായിരുന്നു നൽകിയിരുന്നത്. അതിൽ വിവിധ ഉദ്ധരണികളും വിവരിക്കപ്പെട്ടിരുന്നു. അവയിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത്, ഹദ്റത്ത് അബൂബക്ർ(റ) മുർത്തദ്ദ് അഥവാ മതപരിത്യാഗികൾക്ക് ശിക്ഷ കൊടുത്തത് അവരുടെ മതനിരാസം കൊണ്ടല്ലെന്നും പ്രത്യുത കലാപവും യുദ്ധവും കാരണം അവർക്ക് മറുപടി നല്കിയതായിരുന്നുവെന്നുമാണ്. ഇതു സംബന്ധിച്ച് ഇക്കാലത്തെ നീതിമാനായ വിധികർത്താവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ഖിലാഫത്ത് കാലത്തുണ്ടായ മതനിരാസത്തെ ധിക്കാരവും കലാപവുമായിട്ടാണ് വ്യഖ്യാനിച്ചിട്ടുള്ളത്.

ഹദ്റത്ത് അബൂബക്ർ(റ)ന്റ ധൈര്യത്തെയും തന്റേടത്തെയും പരാമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ‘ഗവേഷകരുടെ പക്കൽ അദ്ദേഹത്തിന്റെ ഖിലാഫത്തുകാലം ഭയത്തിന്റേയും പ്രയാസങ്ങളുടേയും കാലമായിരുന്നു എന്ന സംഗതി ഗോപ്യമല്ല. നബി(സ) തിരുമേനി വഫാത്തായപ്പോൾ ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുമ്മേൽ പ്രയാസങ്ങൾ വന്നുഭവിക്കുകയുണ്ടായി. നിരവധി കപടവിശ്വാസികൾ മതപരിത്യാഗികളായി. മതപരിത്യാഗികൾ രൂക്ഷമായി സംസാരിക്കാൻ തുടങ്ങി. ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ ഒരു സംഘം നുബുവ്വത്ത് വാദിച്ചുതുടങ്ങി. ഭൂരിഭാഗം ഗ്രാമീണ വാസികളും അവർക്ക് ചുറ്റിലുംകൂടി. എത്രത്തോളമെന്നാൽ മുസയ്‌ലിമത്തുൽ കദ്ദാബിന്റെ കൂടെ ഒരു ലക്ഷത്തോളം വിവരദോഷികളും ദുസ്സ്വഭാവികളും ചേരുകയുണ്ടായി. കലാപം പൊട്ടിപ്പുറപ്പെട്ടു. പ്രയാസങ്ങൾ വർധിച്ചു. ആപത്തുകളെല്ലാഭാഗത്തും വലയംചെയ്യാൻ തുടങ്ങി. വിശ്വാസികൾക്കുമേൽ ഒരു ശക്തമായ ഭൂകമ്പം തന്നെയുണ്ടായി. ആ സമയത്ത് എല്ലാവരും പരീക്ഷിക്കപ്പെട്ടു. ഭയാനകവും അമ്പരിപ്പിക്കുകയും ചെയ്യുന്ന അവസ്ഥകൾ വെളിപ്പെട്ടു. വിശ്വാസികളുടെ നിസ്സഹായാവസ്ഥ എങ്ങനെയായിരുന്നുവെന്നാൽ, അവരുടെ മനസ്സുകളിൽ തീപ്പൊരികൾ പാറിയതുപോലെയായി. അല്ലെങ്കിൽ അവർ വാളുകൊണ്ട് അറുക്കപ്പെട്ടതുപോലെയായി. ചിലപ്പോൾ അവർ ആ ഉത്തമ റസൂലിന്റെ വേർപാടു കാരണത്താലും ചിലപ്പോൾ കത്തിച്ചുച്ചാമ്പലാക്കുംവിധം അഗ്നിയുടെ രൂപത്തിൽ പ്രകടമായ കലാപങ്ങൾ കാരണത്താലും നിസഹായരായി. സമാധാനത്തിന്റെ സൂചനപോലും ഉണ്ടായിരുന്നില്ല. ഫിത്ന ഉണ്ടാക്കുന്നവർ ചപ്പുചവറുകൂനയിൽ കിളിർത്തുപൊന്തുന്ന പച്ചപ്പുപോലെ വ്യാപിച്ചു. വിശ്വാസികളുടെ ഭയവും പരിഭ്രമവും വളരെയേറെ വർധിച്ചു. ഹൃദയം ഭയവും അസ്വസ്ഥതയുംകൊണ്ട് വിറകൊള്ളാൻ തുടങ്ങി. ആ സമയത്താണ് ഹദ്റത്ത് അബൂബക്ർ(റ) കാലത്തിന്റെ ഭരണാധിപനും ഹദ്റത്ത് ഖാതമുന്നബിയ്യീനിന്റെ ഖലീഫയുമാക്കപ്പെട്ടത്. മുനാഫിഖീങ്ങളുടെയും കാഫിരീങ്ങളുടെയും മുർത്തദ്ദീങ്ങളുടെയും നിലപാടുകളും രീതികളും കണ്ടപ്പോൾ അദ്ദേഹവും ദുഖത്തിലാണ്ടുപോയി. അദ്ദേഹം കാലവർഷംപോലെ കരയാൻ തുടങ്ങി. അദ്ദേഹത്തിന്റെ കണ്ണീർ ഒഴുകുന്ന അരുവിപോലെ നിർഗമിച്ചുകൊണ്ടിരുന്നു.ആ മഹാത്മാവ് തന്റെ നാഥനോട് ഇസ്‌ലാമിന്റെയും മുസ്‌ലിമീങ്ങളുടെയും നന്മക്കുവേണ്ടി പ്രാർഥനാനിരതനായി. ഹദ്റത്ത് ആഇശാ(റ)യിൽ നിന്ന് നിവേദനം. അവർ പറയുന്നു:

‘എന്റെ പിതാവ് ഖലീഫയാക്കപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന് നേതൃത്വം ഏൽപിക്കുകയും ചെയ്തു. അപ്പോൾ ഖിലാഫത്തിന്റെ ആദ്യ കാലത്തുതന്നെ അദ്ദേഹം എല്ലാതരം ഫിത്നകളുടെ തിരമാലകളും കള്ള നുബുവ്വത്ത് വാദികളുടെ അശ്രാന്ത പരിശ്രമങ്ങളും മുർത്തദ്ദായ മുനാഫിഖീങ്ങളുടെ കലാപങ്ങളും കാണുകയുണ്ടായി. അദ്ദേഹത്തിന് എത്രമാത്രം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നുവെന്നാൽ അവയെല്ലാം ഒരു പർവതത്തിനുമേൽ പതിച്ചിരുന്നുവെങ്കിൽ തീർച്ചയായും അത് ഭൂമിയോടു ചേരുകയും ധൂളീകരിക്കപ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന് പ്രവാചകന്മാരുടേതുപോലുള്ള ക്ഷമയാണ് നൽകപ്പെട്ടത്.’

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘എത്രത്തോളമെന്നാൽ അല്ലാഹുവിന്റെ സഹാ

യമെത്തുകയും കള്ള പ്രവാചകൻ കൊല്ല പ്പെടുകയും മൂർത്തദ്ദീങ്ങൾ നശിപ്പിക്കപ്പെ ടുകയും ചെയ്തു. ഫിത്നകൾ അകറ്റപ്പെട്ടു. പ്രയാസങ്ങൾ ഇല്ലാതാക്കപ്പെട്ടു. കാര്യങ്ങൾ തീരുമാനിക്കപ്പെട്ടു. ഖിലാഫത്തിന്റെ കാര്യം സുദൃഢമായി. അല്ലാഹു വിശ്വാസികളെ ആപത്തുകളിൽനിന്ന് രക്ഷിച്ചു. അവരുടെ ഭയം സമാധാനത്തിലേക്ക് മാറ്റപ്പെട്ടു. അ വർക്കുവേണ്ടി അവരുടെ ദീനിനെ പ്രബ ലമാക്കി. ഒരു ലോകത്തെ തന്നെ സത്യത്തിൽ നിലനിറുത്തി. കുഴപ്പക്കാരുടെ മുഖങ്ങളെ കരുവാളിപ്പിച്ചു. തന്റെ വാഗ്ദാനം പൂർ ത്തിയാക്കി. തന്റെ ദാസനായ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ സഹായിച്ചു. ധിക്കാരികളായ നേതാക്കന്മാരെയും വിഗ്ര ഹങ്ങളെയും നശിപ്പിക്കുകയും ചെയ്തു. നിഷേധികളുടെ ഹൃദയത്തിൽ എത്രമാത്രം ആദരയുക്തമായ ഭയമുളവാക്കിയെന്നാൽ അവസാനം അവർ പിന്തിരിഞ്ഞ് മാനസാ ന്തരപ്പെട്ടു. ഇതുതന്നെയായിരുന്നു ഖഹ് ഹാറായ അല്ലാഹുവിന്റെ വാഗ്ദാനവും. അവൻ എല്ലാ സത്യവാനിലും വെച്ച് ഏറ്റവും വലിയ സത്യവാനാകുന്നു. ആയതിനാൽ ചിന്തിച്ച് നോക്കുവിൻ എങ്ങനെയാണ് ഖി ലാഫത്തിന്റെ വാഗ്ദാനം അതിന്റെ എല്ലാ നിബന്ധനകളോടും ലക്ഷണങ്ങളോടുംകൂടി ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ അസ് തിത്വത്തിൽ പൂർത്തിയായതെന്ന്! ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു, അവൻ ഈ ഗവേഷണത്തിനു വേണ്ടി നിങ്ങളുടെ ഹൃദയങ്ങളെ തുറക്കുമാറാകട്ടെ. 'ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയു ന്നു: 'ചിന്തിച്ചുനോക്കുക! അദ്ദേഹം ഖലീ ഫയാകുമ്പോൾ മുസ്ലിമീങ്ങളുടെ അവ സ്ഥ എന്തായിരുന്നു? ഇസ്‌ലാം വിപത്തു കൾ കാരണത്താൽ അഗ്നിക്കിരയാക്ക പ്പെട്ട വ്യക്തിയെ പോലെ ദുർബലാവ സ്ഥയിലായിരുന്നു. പിന്നെ അല്ലാഹു ഇ സ്‌ലാമിന് അതിന്റെ ശക്തികൾ തിരിച്ചു ന ൽകി. അതിനെ ആഴമുള്ള കിണറ്റിൽനിന്ന് പുറത്തെടുത്തു. കള്ളപ്രവാചകവാദികൾ അതിദാരുണമായ ശിക്ഷയാൽ വധിക്ക പ്പെട്ടു. മൂർത്തദ്ദീങ്ങൾ നാല്കാലികളെ പോലെ നശിപ്പിക്കപ്പെട്ടു. അല്ലാഹു വിശ്വാസി കൾക്ക് മൃതതുല്യമായ ഭയത്തിൽനിന്നു സമാധാനം നൽകുകയുണ്ടായി. ഈ പ്രയാ സങ്ങൾ അകന്നതിനുശേഷം വിശ്വാസികൾ സന്തോഷഭരിതരായി. അവർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന് ആശംസകൾ നേ ർന്നുകൊണ്ടും സ്വാഗതം പറഞ്ഞുകൊണ്ടും കൂടിക്കാഴ്ച നടത്തുകയായിരുന്നു. അദ്ദേഹ ത്തെ പുകഴ്ത്തിക്കൊണ്ടിരുന്നു. സകല നാ ഥന്മാരുടെയും നാഥനായ അല്ലാഹുവിന്റെ സവിധത്തിൽ അദ്ദേഹത്തിനുവേണ്ടി പ്രാർ ഥിക്കുകയായിരുന്നു. അദ്ദേഹത്തെ ആദരി ക്കാനും ബഹുമാനിക്കാനും മുന്നോട്ട് ഗമി ക്കുകയായിരുന്നു. അവർ അദ്ദേഹത്തോടു ള്ള സ്നേഹം തങ്ങളുടെ ഹൃദയാന്തരാളങ്ങ ളിൽ പ്രവേശിപ്പിക്കുകയുണ്ടായി. അവർ തങ്ങളുടെ എല്ലാ കാര്യങ്ങളിലും അദ്ദേഹത്തെ അനുഗമിച്ചുകൊണ്ടിരുന്നു. അവർ അദ്ദേ ഹത്തോട് നന്ദിയുള്ളവരായിരുന്നു. അവർ തങ്ങളുടെ ഹൃദയങ്ങളെ പ്രകാശമാനവും മുഖങ്ങളെ പ്രസന്നവുമാക്കുകയുണ്ടായി. അവർ സ്നേഹത്തിലും ബന്ധത്തിലും മു ന്നേറി. എല്ലാ നിലയ്ക്കുമുള്ള അത്യ ധ്വാനത്തിലൂടെ അദ്ദേഹത്തെ അനുസ രിക്കുകയും ചെയ്തു. അവർ അദ്ദേഹത്തെ ഒരു പരിശുദ്ധ വ്യക്തിത്വമായും നബിമാ രെപ്പോലെ സഹായം ലഭിക്കുന്നയാളായും മനസ്സിലാക്കിയിരുന്നു. ഇതെല്ലം സംഭവിച്ചത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ സത്യ സന്ധതയും ആഴത്തിലുള്ള ദൃഢജ്ഞാന വും കൊണ്ടായിരുന്നു.' *(സിർറുൽഖിലാഫ, ഉർദു തർജമ അറബി ഇബാറത്ത്, പ്രസാ ധകർ നളാറത്ത് ഇശാഅത്ത്, പേജ് 41-51)*

ഇത് അദ്ദേഹത്തിന്റെ അറബിയിലുള്ള ഗ്രന്ഥമാണ്. ആ അറബിവാക്യങ്ങളുടെ ഉർ ദു തർജമയാണിത്. മതനിരാസത്തിന്റേ യും കലാപത്തിന്റേയും ഫിത്നകളുണ്ടാ യപ്പോൾ അതിലേക്ക് അദ്ദേഹം ചില സംഘ ങ്ങളെ അയക്കുകയുണ്ടായി. നേരത്തെ പറ ഞ്ഞതുപോലെ നബി(സ)തിരുമേനിയുടെ വഫാ ത്തിനു ശേഷം ഏറെക്കുറെ മുഴുവൻ അറബി കളും മുർത്തദ്ദായി കഴിഞ്ഞിട്ടുണ്ടായിരുന്നു. കുറച്ചാളുകൾ സക്കാത്ത് കൊടുക്കുന്നതു മാത്രം നിഷേധിച്ചവരായിരുന്നു.അവർക്കെ തിരിൽ ഹദ്റത്ത് അബൂബക്റിന്റെ ഭാഗ ത്തുനിന്നുണ്ടായ നടപടികളെക്കുറിച്ച് നേ രത്തെ പരാമർശിച്ചു കഴിഞ്ഞതാണ്.

മറ്റൊരു വിഭാഗത്തെ കുറിച്ചും പരാമർ ശിക്കപ്പെടുന്നുണ്ട്. അവർ ഇസ്‌ലാം ഉപേ ക്ഷിക്കുക മാത്രമല്ല ചെയ്തത്. പ്രത്യുത കലാപമുണ്ടാക്കുകയും മുസ്ലിമീങ്ങളെ വ ധിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് അബൂ ബക്ർ അവരെ കൈകാര്യം ചെയ്യാൻ ഉറച്ച തീരുമാനമെടുത്തു. ഇതേക്കുറിച്ച് 'അൽ ബിദായ വന്നിഹായ' എന്ന പുസ്തകത്തിൽ പറയുന്നു:ഹദ്റത്ത് ഉസാമയുടെ സൈന്യ ത്തിന്റെ സമാധാനത്തിന് ശേഷം ഹദ്റ ത്ത് അബൂബക്ർ(റ) ഇസ്‌ലാമിക സൈന്യ ങ്ങളുമായി വാളുയർത്തിപ്പിടിച്ച് മദീനയിൽ നിന്ന് ഇറങ്ങി ദുൽഖസ്സയിലേക്ക് പുറപ്പെട്ടു. ദുൽഖസ്സ മദീനയിൽനിന്ന് ഒരു രാവുംപകലും യാത്ര ചെയ്യുന്നത്രയും ദൂരെയാണുള്ളത്. അക്കാലഘട്ടത്തിൽ ഉണ്ടായിരുന്ന യാത്രാ മാർഗങ്ങൾ അനുസരിച്ചാണിത്. സ്വഹാബാ ക്കൾ, അതിൽ ഹദ്റത്ത് അലിയുമുണ്ടാ യിരുന്നു അദ്ദേഹത്തോടു നിർബന്ധിച്ചു പറഞ്ഞുകൊണ്ടിരുന്നത് അദ്ദേഹം മദീന യിലേക്ക് തിരിച്ചു പോകണമെന്നും അറ ബികളുമായുള്ള യുദ്ധത്തിന് മറ്റേതെങ്കിലും യോദ്ധാവിനെ അയക്കണമെന്നുമാണ്. ഹദ്റ ത്ത് ആഇശ(റ)വിവരിക്കുന്നു: 'എന്റെ പി താവ് വാളുമേന്തി വാഹനത്തിൽ പുറപ്പെ ട്ടപ്പോൾ ഹദ്റത്ത് അലി ബിൻ അബി ത്വാലിബ് വന്ന് അദ്ദേഹത്തിന്റെ ഒട്ടകത്തി ന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു പറ ഞ്ഞു: 'അല്ലയോ ഖലീഫത്തുർറസൂൽ! ന ബി(സ)തിരുമേനി ഉഹുദു ദിവസം പറഞ്ഞ അക്കാര്യം ഞാൻ അങ്ങയോടു പറയുക യാണ്. അങ്ങെന്തിനാണ് വാൾ കൈയിലേ ന്തിയിരിക്കുന്നത്? ഞങ്ങളെ അങ്ങളുടെ ജീവൻ കാരണത്താൽ മുസ്വീബത്തിൽ അ കപ്പെടുത്താതിരുന്നാലും.' ഹദ്റത്ത് അലി, ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: ഞങ്ങളെ അങ്ങയുടെ ജീവൻ കാരണം മുസീബത്തിൽ അകപ്പെടുത്തരുത്. അല്ലാ ഹുവാണ! ഞങ്ങൾക്ക് അങ്ങയുടെ ജീവൻ കാരണം നാശമുണ്ടായാൽ ഇസ്‌ലാമിന്റെ സംവിധാനം പിന്നെ ഉണ്ടാകുകയില്ല.' അത് കേട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ തിരിച്ചു വരുകയും സൈന്യത്തെ അയക്കുകയും ചെയ്തു. *(അൽബിദായ വന്നിഹായ, വാള്യം 3, ഭാഗം 6, പേജ് 311-312, പ്രസാധനം ദാറുൽ കുതുബുൽ ഇൽമിയ്യ)*

ഹദ്റത്ത് ഉസാമയും അദ്ദേഹത്തിന്റെ സൈന്യവും വിശ്രമിച്ചു. അവരുടെ യാത്രാ മൃഗങ്ങളും പുതുശ്വാസമെടുത്തു. മുസ്ലി മീങ്ങളുടെ കൈയിൽ ആവശ്യത്തിലധികം ധാരാളം സക്കാത്ത് മുതലുകളും വന്നു. അത് ഹദ്റത്ത് അബൂബക്ർ(റ) സൈന്യ ത്തിന്നിടയിൽ വിതരണം ചെയ്തു. പതി നൊന്നു കൊടികളാണ് കെട്ടിയത്.

ഒരു പതാക ഹദ്റത്ത് ഖാലിദ് ബിൻ വലീദിനു വേണ്ടിയാണ് കെട്ടിയത്. അദ്ദേ ഹത്തിനോടു ത്വുലയ്ഹ ബിൻ ഖുവയ്ലിദി നെ നേരിടാനും അതിൽനിന്ന് വിരമിച്ചശേഷം ബുത്വാഹിൽ മാലിക് ബിൻ നുവയ്റയെ നേരിടാൻ പോകാനും കൽപിച്ചു. ഇവ രെല്ലാവരും മുർത്തദ്ദീങ്ങളും യുദ്ധം ചെ യ്യാൻ ആഗ്രഹിക്കുന്നവരുമായിരുന്നു. ബനൂ അസദിന്റെ പ്രദേശത്തുള്ള ഒരു അരുവിയു ടെ പേരാണ് ബുത്വാഹ്. അവിടേക്കാണ് അദ്ദേഹം അയച്ചത്. ഹദ്റത്ത് ഇക്രിമ ബിൻ അബൂജഹലിനുവേണ്ടിയും പതാക കെട്ടുകയും അദ്ദേഹത്തോടു മുസയ്‌ലിമയെ നേരിടാൻ കൽപിക്കുകയും ചെയ്തു. ഹദ് റത്ത് മുഹാജിർ ബിൻ അബൂ ഉമയ്യ ക്കുവേണ്ടിയാണു മൂന്നാമത്തെ കൊടി കെട്ടിയത്. അൻസിയുടെ സൈന്യത്തെ നേ രിടാൻ അദ്ദേഹത്തോടു കൽപിച്ചു. തുടർന്ന് ഖയ്സ് ബിൻ മൽശൂഹിനേയും അബ്നായെ എതിർക്കുന്ന യെമൻ കാരെ നേരിടാനും അബ്നായുടെ സഹായത്തിനുവേണ്ടിയും അയച്ചു. അബ്നാഅ് ഫാരിസി വംശത്തിലെ ഒരു ജനതയുടെ സന്തതികളായിരുന്നു. അവർ യെമനിൽ വാസമുറപ്പിക്കുകയും അറബികളുമായി വിവാഹം നടത്തുകയും ചെയ്തിരുന്നു. പറയുന്നു: ഇതിൽനിന്ന് വിരമിച്ചശേഷം കിൻദയെ നേരിടുന്നതി നുവേണ്ടി ഹള്റെ മൗത്തിലേക്ക് പോ കുക. ഹള്റെ മൗത്തും യമനിലെ ഒരു പ്ര ദേശമാണ്. നാലാമത്തെ കൊടി ഖാലിദ് ബിൻ സയീദ് ബിൻ ആസിനു വേണ്ടി യാണു കെട്ടിയത്. അദ്ദേഹത്തെ ഹംഖത്ത യ്നിലേക്ക് അയച്ചു. അത് ശാമിന്റെ അതിർ ത്തിയായിരുന്നു. അഞ്ചാമത്തെ കൊടി ഹദ്റ ത്ത് അംറ് ബിൻ ആസിനു വേണ്ടിയാണു തയ്യാറാക്കിയത്. അദ്ദേഹത്തിന് ഖുളാഅ വദീഅയേയും ഹാരിഥിന്റെ സംഘങ്ങളേയും നേരിടാൻ കൽപന നൽകി. ആറാമത്തെ കൊടി ഹദ്റത്ത് ഹുദയ്ഫ ബിൻ മിഹ്സ്വൻ ഗൽഫാനിക്കു വേണ്ടിയാണു കെട്ടിയത്. അ ദ്ദേഹത്തോട് 'ദബാ' കാരിലേക്കു പോകാൻ കല്പിച്ചു. ദബായും ഒമാനിലെ അറബി കളുടെ ഒരു ചന്തയായിരുന്നു. ഒമാനിലെ പുരാതന നഗരവും സുപ്രസിദ്ധ പട്ടണ വുമായിരുന്നു. ഇവിടെ ചന്ത നടക്കാറു ണ്ടായിരുന്നു. ഏഴാമത്തെ കൊടി ഹദ്റത്ത് ഫജ ബിൻ ഹർഥമക്കു വേണ്ടിയാണു കെ ട്ടിയത്. അദ്ദേഹത്തോട് മഹറഹിലേക്ക് പോ കാൻ കൽപിച്ചു. മഹ്റഹ് യമനിലെ ഒരു പ്രദേശത്തിന്റെ പേരാണ്. ഹദ്റത്ത് അബൂ ബക്ർ അവരോടു രണ്ടു പേരോടും പറ ഞ്ഞു: 'ഒരു സ്ഥലത്ത് ഒരുമിച്ച് പോകു ക. എന്നാൽ, ഏത് സ്ഥലമാണോ അവർ ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അവയിൽ

ഒന്നിനുശേഷം മറ്റൊന്നായി അമീർമാരായിരിക്കും. അതായത് ആദ്യം യമൻകാരും പിന്നീട് അവരും. ഹദ്റത്ത് അബൂബക്ർ ശുറഹ് ബീൽ ബിൻ ഹസനയെ ഹദ്റത്ത് ഇക്രിമ ബിൻ അബൂജഹലിനു പിന്നിൽ അയക്കുകയുണ്ടായി. അദ്ദേഹത്തോടു പറഞ്ഞു: 'യമാമയിൽനിന്ന് വിരമിച്ചശേഷം 'ഖുളാഅ'യെ നേരിടാൻ പോകേണ്ടതാണ്. മുർത്തദ്ദീങ്ങളുമായുള്ള യുദ്ധത്തിൽ നിങ്ങൾ തന്നെയായിരിക്കും സൈന്യത്തിന്റെ അമീർ. ഒൻപതാമത്തെ കൊടി ഹദ്റത്ത് ത്വറയ്ഫ ബിൻ ഹാജിസിന് വേണ്ടിയാണു കെട്ടിയത്. അദ്ദേഹത്തോട് ബനൂ സുലയ്മയേയും ഹവാസിനേയും നേരിടാൻ കൽപിച്ചു. പത്താമത്തെ കൊടി ഹദ്റത് സുവയ്ദ് ബിൻ മുകർറിനു വേണ്ടിയാണു കെട്ടിയത്. അദ്ദേഹത്തോടു പറഞ്ഞു, യെമനിലെ പ്രദേശമായ തിഹാമയിലേക്ക് പോകുക. പതിനൊന്നാമത്തെ കൊടി ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയ്ക്കുവേണ്ടിയാണു കെട്ടിയത്. അദ്ദേഹത്തോട് ബഹ്റയ്നിലേക്ക് പോകാൻ കൽപിച്ചു. അങ്ങനെ അവർ ഉമറാദുൽ ഖസ്സയിൽനിന്ന് താന്താങ്ങളുടെ ദിക്കിലേക്കു നീങ്ങി. *(താരീഖു ത്വബ്‌രി, വാള്യം 2, പേജ് 257, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012) (സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർനാമെ, പേജ് 288, മക് തബത്തുൽ ഫുർഖാൻ മുള്ഫർഗഢ്, പാക്കിസ്താൻ)(മുഅ്ജമുൽ ബുൽദാൻ, വാള്യം 1 പേജ് 527, വാള്യം 2, പേജ് 270, 311, 496)(മുഅ്ജമുൽവസീത് ബനീ എന്ന പദം)*

ഹദ്റത്ത് അബൂബക്ർ(റ) ഓരോ സൈന്യത്തിന്റേയും അമീറുമാർക്ക് ഇങ്ങനെ കൽപന നൽകി: 'നിങ്ങൾ പോകുന്നിടത്തെല്ലാം അവിടെയുള്ള ശക്തരായ മുസ്‌ലിമീങ്ങളെ കൂടെ കൂട്ടുക. ചില ശക്തരായ ആളുകളെ അതാതു സ്ഥലത്തുതന്നെ അവരുടെ നാടിന്റെ സംരക്ഷണത്തിനുവേണ്ടി നിറുത്തുകയും ചെയ്യുക.' *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 257, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഈ ക്രമീകരണത്തെ അനുസ്മരിച്ചുകൊണ്ട് ഒരു ഗ്രന്ഥകാരൻ എഴുതുന്നു. ദുൽഖിസ്സ സൈനിക കേന്ദ്രമായി പ്രഖ്യാപിച്ചു. ഇവിടെനിന്ന് സുസംഘിടതരായ ഇസ്‌ലാമിക സൈന്യങ്ങൾ മതനിരാസത്തിന്റെ ഗൂഢപദ്ധതി ഇല്ലാതാക്കാൻ വിവിധ നാടുകളിലേക്ക് പുറപ്പെട്ടു. ഹദ്റത്ത് അബൂബക്ർ(റ)ന്റെ പദ്ധതിയിൽനിന്ന് അദ്ദേഹത്തിന്റെ വേറിട്ട നേതൃപാടവവും ആഴത്തിലുള്ള ഭൂമിശാസ്ത്ര പരിചയവും വ്യക്തമാകുന്നുണ്ട്. സൈന്യങ്ങളെ ക്രമീകരിച്ചതും അവയുടെ സ്ഥലങ്ങളെ നിർണയിച്ചതിൽനിന്നും വ്യക്തമാകുന്നത് ഹദ്റത്ത് അബൂബക്ർ(റ) ഭൂമിശാസ്ത്രപരമായി വളരെ ആഴത്തിൽ അറിവുള്ള ആളായിരുന്നുവെന്നും നാട്ടിലുള്ള അടയാളങ്ങളെയും ജനവാസമുള്ള സ്ഥലങ്ങളെയും അറേബ്യൻ ഉപദ്വീപിലെ വഴികളെയും കുറിച്ച് നല്ലപോലെ അറിയുകയും ചെയ്തിരുന്നു എന്നാണ്!

അതായത് അറേബ്യൻ ഉപദ്വീപ് മൊത്തത്തിൽ അദ്ദേഹത്തിന്റെ കൺമുമ്പിലുണ്ടായിരുന്നു. സൈന്യങ്ങളെ അയക്കുമ്പോൾ, അവർ പോകേണ്ട സ്ഥലങ്ങൾ നിർണയിക്കാനും വിവിധയിടങ്ങളിലേക്ക് പോയതിനുശേഷം വീണ്ടും അവർക്ക് സംഘടിക്കാനുമുള്ള മാർഗങ്ങൾ ഏതൊരുവ്യക്തിയും ചിന്തിക്കുന്നതായിരിക്കും;വർത്തമാന കാലത്ത് നവീനസാങ്കേതിക വിദ്യകളാൽ അലംകൃതമായ കേന്ദ്ര സംവിധാനമുള്ളതുപോലെ. ഈ ആസൂത്രണപദ്ധതി മുഴുവൻ അറേബ്യൻ ഉപദ്വീപിലും മാതൃകാപരവും ശരിയായ കണക്കുകൂട്ടലുകളോടുകൂടിയതുമായിരുന്നുവെന്ന് അങ്ങനെയുള്ള ആൾക്ക് നല്ലപോലെ അറിയാൻ കഴിയുന്നതായിരിക്കും. അവരുമായി ബന്ധപ്പെടുക എന്നതും വളരെ സങ്കീർണമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) സദാസമയവും സൈന്യം എവിടെയാണെന്നു മനസ്സിലാക്കിക്കൊണ്ടിരുന്നു. അവരുടെ നീക്കങ്ങളെയും മറ്റു കാര്യങ്ങളെയും സംബന്ധിച്ച് നല്ലപോലെ അറിഞ്ഞിരുന്നു. അവർ വിജയിക്കുന്നുവെന്നും നാളേക്കുള്ള പരിപാടി എന്താണെന്നും അദ്ദേഹത്തിന്നറിയാമായിരുന്നു. സന്ദേശ കൈമാറ്റം വളരെ സങ്കീർണവും ശീഘ്രഗതിയിലുമായിരുന്നു. യുദ്ധമൈതാനങ്ങളിൽ നിന്നുള്ള വാർത്തകൾ കൃത്യമായി കേന്ദ്രത്തിൽ ഹദ്റത്ത് അബൂബക്ർ(റ)ന്റെ അടുത്ത് എത്തിക്കൊണ്ടിരുന്നു. എല്ലാ സൈന്യവുമായും കൃത്യമായി ബന്ധമുണ്ടായിരുന്നു. കേന്ദ്രത്തിനും യുദ്ധഭൂമിക്കുമിടയിൽ സന്ദേശകൈമാറ്റത്തിൽ അബൂ ഖയ്ഥമ അൻസാരി, സലമ ബിൻ സലാമ, അബു ബർസ അസ്‌ലമി, സലമ ബിൻ വഖ്ശ് എന്നിവർക്ക് പ്രത്യേകമായ സ്ഥാനമാണുള്ളത്.

ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞയച്ച സൈന്യങ്ങളെല്ലാം പരസ്പരം ബന്ധിതമായിരുന്നു. ഇതു ഖിലാഫത്തിന്റെ പ്രധാന വിജയങ്ങളിൽപ്പെട്ടതാണ്. കാരണം ഈ സൈന്യങ്ങൾക്കുള്ളിൽ നേതൃപാടവത്തോടൊപ്പം സംഘടനാ മികവും ഉണ്ടായിരുന്നു.

കൂടാതെ യുദ്ധനൈപുണ്യം നേരത്തെ തന്നെ ഉണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ കാലത്ത് യുദ്ധങ്ങളിലും സൈനിക നീക്കങ്ങളിലും ഇത്തരം കാര്യങ്ങളെക്കുറിച്ച് നല്ല അനുഭവജ്ഞാനം നേടിയിരുന്നു. അബൂബക്റിന്റെ ഭരണം, സൈനിക സംവിധാനം അറേബ്യയിലുള്ള എല്ലാ സൈനിക ശക്തികളെക്കാളും മുന്തിയതായിരുന്നു. ഈ സൈന്യങ്ങളുടെയെല്ലാം നേതാവ് സയ്ഫുല്ലാഹുൽ മസ്‌ലൂൽ ഖാലിദ് ബിൻ വലീദായിരുന്നു. അദ്ദേഹം ഇസ്‌ലാമിക വിജയങ്ങളിലും മുർത്തദ്ദീങ്ങളുമായുള്ള പോരാട്ടങ്ങളിലും വ്യതിരിക്തമായ വ്യക്തിത്വത്തിന് ഉടമയാകുന്നു. ഇസ്‌ലാമിക സൈന്യങ്ങളുടെ ഈ ക്രമീകരണം സുപ്രധാന സൈനിക പദ്ധതിക്കു കീഴിലാണ് നടപ്പിൽ വരുത്തിയത്. കാരണം മുർത്തദ്ദീങ്ങൾ അപ്പോഴും തങ്ങളുടെ പ്രദേശങ്ങളിൽ വെവ്വേറെയായിരുന്നു. അതായത് ചിന്നിച്ചിതറി കിടക്കുകയായിരുന്നു. സംഘടിച്ചിട്ടുണ്ടായിരുന്നില്ല. മുസ്‌ലിമീങ്ങൾക്കെതിരിൽ അവരുടെ സംഘടിതനീക്കം സാധ്യമായില്ല. വലിയ ഗോത്രങ്ങളിൽ വിദൂര സ്ഥലങ്ങളിൽ ചിതറികിടക്കുകയായിരുന്നു അവർ. അവർക്ക് സംഘടിച്ച് ശക്തിരാകാൻ സമയം കിട്ടിയിരുന്നില്ല. കാരണം മുർത്തദ്ദീങ്ങളായിട്ട് മൂന്നു മാസത്തിലധികം സമയം കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. മറ്റൊന്ന് തങ്ങൾക്കെതിരിൽ മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്ന അപകടത്തെ കുറിച്ച് അവർ അറിഞ്ഞിരുന്നില്ല. അവർ കരുതിയത് ഏതാനും മാസങ്ങൾകൊണ്ട് എല്ലാ മുസ്‌ലിമീങ്ങളെയും തുടച്ചുനീക്കാമെന്നാണ്. അതുകൊണ്ടുതന്നെ ഹദ്റത്ത് അബൂബക്ർ(റ) ആഗ്രഹിച്ചത് അവർ തങ്ങളുടെ വ്യാജത്തെ പിന്തുണയ്ക്കാൻ സംഘടിക്കുന്നതിനുമുമ്പേ ത്വരിത ഗതിയിൽ അവരുടെ പ്രതാവും ശക്തിയുമില്ലാതാക്കണമെന്നാണ്. അതുകൊണ്ട് ഹദ്റത്ത് അബൂബക്ർ(റ) അവരുടെ ഫിത്ന വർധിക്കുന്നതിനുമുമ്പേ അവരെ സംബന്ധിച്ച് മനസ്സിലാക്കുകയും അവർക്ക് തലയുയർത്താനോ ദുഷ്പ്രചാരണം നടത്തി മുസ്‌ലിമീങ്ങൾക്ക് പ്രയാസമുണ്ടാക്കാനോ അവസരം നൽകിയില്ല. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർറജിം പേജ് 288-290, ഉർദു തർജമ, മക്തബത്തുൽഫുർഖാൻ മുള്ഫർ ഗഢ്, പാക്കിസ്താൻ)*

ഹദ്റത്ത് അബൂബക്ർ(റ) സൈന്യാധിപന്മാരെ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് വിവിധ കാര്യങ്ങൾ പരാമർശിച്ചുകൊണ്ട് ഗ്രന്ഥകാരൻ എഴുതുന്നു: ഒന്ന് ഈ പദ്ധതിയിൽ ശ്രദ്ധേയമായൊരു കാര്യം ചെയ്തതെ ന്തെന്നാൽ അവരുടെ സ്ഥലങ്ങളും ദിശകളും വെവ്വേറെയായിരുന്നുവെങ്കിലും സൈന്യങ്ങൾക്കിടയിൽ ബന്ധവും സഹകരണവും തുടർച്ചയായി നിലനിറുത്തുകയുണ്ടായി. എല്ലാവരും ഒരേ ശൃംഖലയിലെ കണ്ണികളായിരുന്നു. അവർ പരസ്പരം കൂടിച്ചേരുന്നതും അകന്നുപോകുന്നതും ഒരേ ലക്ഷ്യത്തെ മുൻനിറുത്തിയായിരുന്നു. ഖലീഫ മദീനയിലായിരുന്നു ഉണ്ടായിരുന്നത്. യുദ്ധത്തിന്റെ എല്ലാ നിയന്ത്രണങ്ങളുടെയും ശക്തി അദ്ദേഹത്തിന്റെ കൈകളിലായിരുന്നു. അതായത് ഖലീഫയുടെ കൈകളിൽ. രണ്ട് സിദ്ദീഖുൽഅക്ബർ ഖിലാഫത്തിന്റെ തലസ്ഥാനമായ മദീനയുടെ സംരക്ഷണത്തിന് വേണ്ടി സൈന്യത്തിന്റെ ഒരുഭാഗത്തെ തന്റെ പക്കൽ നിറുത്തി. ഇങ്ങനെ ഭരണകാര്യങ്ങളിൽ കൂടിയാലോചനക്കുവേണ്ടി മുതിർന്ന സ്വഹാബാക്കളുടെ ഒരു സംഘത്തെ തന്റെ കൂടെ വെക്കുകയുണ്ടായി മൂന്ന്: മുർത്തദ്ദീങ്ങളായ പ്രദേശങ്ങളിലും ഇസ്‌ലാമിക ശൗര്യമിണ്ടെന്ന് ഹദ്റത്ത് അബൂബക്ർ(റ)ന് അറിയാമായിരുന്നു. അദ്ദേഹത്തിനുണ്ടായിരുന്ന ആശങ്ക ഈ മുസ്‌ലിമീങ്ങൾ മുശ്‌രിക്കീങ്ങളുടെ കോപതാപങ്ങൾക്ക് ഇരയാകുമോ എന്നായിരുന്നു. അതുകൊണ്ട് അദ്ദേഹം സൈന്യാധിപന്മാർക്ക് നൽകിയ കൽപന, അവിടെയുള്ള ശക്തിയും ബലവുമുള്ള ആളുകളെ തങ്ങളുടെ കൂടെകൂട്ടാനും ആ പ്രദേശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി കുറച്ചാളുകളെ നിശ്ചയിക്കാനുമായിരുന്നു. നാല്: മുർത്തദ്ദീങ്ങളുമായുള്ള യുദ്ധത്തിൽ ഹദ്റത്ത് അബൂബക്ർ(റ) അൽഹർബു ഖുദ്അ; യുദ്ധം തന്ത്രമാകുന്നു എന്ന തത്ത്വമാണ് അവതരിപ്പിച്ചത്. സൈന്യത്തിന്റെ പരിധികൾ കുറച്ചു കാണിച്ചു. വാസ്തവത്തിൽ ലക്ഷ്യം മറ്റൊന്നായിരുന്നു. പദ്ധതി വെളിപ്പെടാതിരിക്കാൻ വളരെ കരുതലോടുകൂടിയ നിലപാടാണ് സ്വീകരിച്ചത്. ഇങ്ങനെ ഹദ്റത്ത് അബൂബക്ർ(റ)ന്റെ നേതൃത്വത്തിൽ രാഷ്ട്രീയ നൈപുണ്യവും വൈജ്ഞാ

നികാനുഭവവും ആഴത്തിലുള്ള അറിവും ദൈവികവിജയവും സഹായവും പ്രത്യേകം പ്രകടമാകുന്നുണ്ട്. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർറജിം പേജ് 297-298, ഉർദു തർജമ, മക്തബത്തുൽഫുർഖാൻ മുള്ഫർ ഗഢ്, പാക്കിസ്താൻ)*

ഈ സന്ദർഭത്തിൽ ഹദ്റത്ത് അബൂബക്ർ(റ) രണ്ടു ആജ്ഞാപത്രങ്ങളും എഴുതുകയുണ്ടായി. ഒന്ന് അറേബ്യൻ ഗോത്രങ്ങളുടെ പേരിൽ. രണ്ടാമത്തേത് സൈനിക നേതാക്കന്മാരുടെ സന്മാർഗത്തിനുവേണ്ടിയും. *(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരി ഖുതൂത്, മുഅല്ലിഫ് ഖുർശിദ് അഹ്മദ് ഫാറൂഖ് പേജ് 22)*

ഇതേ ഗ്രന്ഥകാരൻ അതായത് ഡോക്ടർ അലി മുഹമ്മദ് സ്വലാബി ഈ കത്തുകളെ കുറിച്ച് എഴുതുന്നു: 'ഇസ്‌ലാമിക സൈന്യങ്ങളുടെ തയ്യാറെടുപ്പും കാര്യക്ഷമമായ ക്രമീകരണത്തിനുംശേഷം നമുക്ക് കാണാൻ കഴിയുന്നത് ലിഖിത രൂപേണയുള്ള ക്ഷണത്തെ സംബന്ധിച്ചാണ്. ഇതു സുപ്രധാനമായ പങ്കുവഹിച്ചു.

അദ്ദേഹം പൊതുവായൊരു കത്തെഴുതി. അത് പരിമിതമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. മുർത്തദ്ദീങ്ങളുടെ ഗോത്രങ്ങളിലേക്ക് സൈന്യങ്ങളെ അയക്കുന്നതിനു മുമ്പേ അദ്ദേഹം മുർത്തദ്ദീങ്ങളുടെയും അടിയുറച്ച് നിൽക്കുന്നവരുടെയും ഇടയിലേക്ക് ഉയർന്ന തലത്തിൽ സാധ്യമാകുന്നിടത്തോളം പ്രചരിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. ഗോത്രങ്ങളിലേക്ക് ആളുകളെ അയച്ചു. അവരോടു പറഞ്ഞു: 'അവിടെപോയി ഓരോ സംഘത്തിനിടയിലും ഈ കത്ത് കേൾപ്പിക്കുക. ഈ കത്തിന്റെ സന്ദേശം കിട്ടിയവരോടെല്ലാം ഈ കത്തിന്റെ സന്ദേശം കിട്ടാത്തവർക്ക് എത്തിക്കാനും കൽപിക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്ർ(റ) ഈ കത്തിൽ സാധാരണക്കാരെയും പ്രധാനികളെയും, അവർ ഇസ്‌ലാമിൽ ഉറച്ച് നിൽക്കുന്നവരാണെങ്കിലും അതല്ല മുർത്തദ്ദീങ്ങളാണെങ്കിലും എല്ലാവരെയും സംബോധന ചെയ്തു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർറജിം പേജ് 290-291, ഉർദു തർജമ, മക്തബത്തുൽഫുർഖാൻ മുള്ഫർ ഗഢ്, പാക്കിസ്താൻ)*

അറേബ്യൻ ഗോത്രങ്ങളുടെ പേരിൽ ഹദ്റത്ത് അബൂബക്ർ(റ) എഴുതിയ കത്തിനെ സംബന്ധിച്ച് ഏറ്റവും കൂടുതൽ വിവരണം ത്വബ്‌രിയിലാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥമായ സിർറുൽ ഖിലാഫയിലും ഈ കത്തിനെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'മുർത്തദ്ദീങ്ങളായ അറബ് ഗോത്രങ്ങൾക്ക് സിദ്ദീഖുൽ അക്ബർ എഴുതിയ കത്ത് ഇവിടെ ചേർക്കുന്നത് ഉചിതമാണെന്നു നാം കരുതുന്നു. അങ്ങനെ ഈ കത്തിനെ കുറിച്ച് മനസ്സിലാകുമ്പോൾ സിദ്ദീഖുൽ അക്ബർ ഇസ്‌ലാമിക ചിഹ്നങ്ങൾ നടപ്പാക്കാനും നബി(സ)തിരുമേനിയുടെ എല്ലാ നടപടിക്രമങ്ങളെയും പ്രതിരോധിക്കാനും സുശക്തമായി നിലകൊള്ളുന്നത് കാണുമ്പോൾ ഈമാനും ഉൾക്കാഴ്ചയും വർധിക്കുന്നതാണ്.' തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതുന്നു: കത്ത് ഇങ്ങനെയാണ് തുടങ്ങുന്നത്.

***ബിസ്മില്ലാഹിർറഹ്മാനിർറഹീം*** ഖലീഫത്തുർറസൂൽ(സ) അബൂബക്ർ എല്ലാ പ്രധാനികൾക്കും സാധാരണക്കാർക്കും അയക്കുന്ന കത്ത്. ഈ കത്ത് കിട്ടുന്നവർ അവർ ഇസ്‌ലാമിൽ നിലകൊള്ളുന്നവരോ അതല്ല അതിൽനിന്ന് പിന്മാറിയവരോ ആകട്ടെ സന്മാർഗ്ഗത്തെ പിൻപറ്റുന്ന എല്ലാവർക്കുമേലും സമാധാനമുണ്ടാകട്ടെ. അതായത് സന്മാർഗ്ഗത്തിനു ശേഷം ദുർമാർഗ്ഗത്തിലേക്കും അന്ധതയിലേക്കും പോകാത്തവർക്കുമേൽ. ഞാൻ നിങ്ങൾക്ക് മുന്നിൽ അല്ലാഹുവിനെ സ്തുതിക്കുകയാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നും മുഹമ്മദ്(സ) അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ആ മഹാത്മാവ് കൊണ്ടുവന്ന അധ്യാപനങ്ങളെ നാം അംഗീകരിക്കുന്നു. അതിനെ നിരാകരിക്കുന്നവരെ നാം നിഷേധികളാണെന്നു പ്രഖ്യാപിക്കുന്നു. അവരുമായി ജിഹാദു ചെയ്യുന്നതായിരിക്കും. ഓർക്കുക! അല്ലാഹു മുഹമ്മദ് റസൂൽ(സ)നെ തന്റെ ഭാഗത്തുനിന്ന് സത്യവുമായി തന്റെ സൃഷ്ടികളിലേക്ക് സുവാർത്ത നൽകുന്നവനും താക്കീതു നൽകുന്നവനും അല്ലാഹുവിന്റെ കൽപ്പനകളിലേക്ക് വിളിക്കുന്നവനും പ്രകാശമാകുന്ന സൂര്യനെ പോലെയുമാണ് അയച്ചിരിക്കുന്നത്. അങ്ങനെ നബി(സ)തിരുമേനി ജീവനുള്ളവരെ താക്കീതു ചെയ്യുന്നതിനും നിഷേധികൾക്കുമേൽ ദൈവിക കൽപന പുലരുന്നതിനും വേണ്ടി. നബി(സ)തിരുമേനിയെ വിശ്വസിച്ചവർക്ക് സത്യത്തിലേക്ക് സന്മാർഗം നൽകിയിരിക്കുന്നു. നബി(സ)തിരുമേനിയിൽനിന്ന് മുഖം തിരിച്ചവർക്കെതിരിൽ നബി(സ)തിരുമേനി അവർ സന്തോഷത്തോടെയോ അനിഷ്ടം പ്രകടിപ്പിച്ചുകൊണ്ടോ ഇസ്‌ലാമിൽ വരുന്നതുവരെ യുദ്ധം ചെയ്തു. പിന്നെ നബി(സ)തിരുമേനി വഫാത്തായി. നബി(സ)തിരുമേനി അല്ലാഹുവിന്റെ കൽപന നടപ്പിൽ വരുത്തി. ഉമ്മത്തിന്റെ നന്മ ആഗ്രഹിച്ചു. തന്റെ ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കി. അല്ലാഹു നബി(സ)തിരുമേനിക്കും മുസ്‌ലിം ലോകത്തിനും ഇറക്കിയ വിശുദ്ധ ഖുർആനിൽ കാര്യങ്ങൾ വിശദമായി വിവരിക്കുകയും ചെയ്തു. പറയുന്നു: ***ഇന്നക്ക മയ്യിത്തുൻ വ ഇന്നഹുംമ്മയ്യിത്തൂൻ*** തീർച്ചയായും നീ മരിക്കുന്നവനാണ്, അവരും മരിക്കുന്നവർ തന്നെ.(39:31) തുടർന്ന് പറഞ്ഞു: ***വമാ ജഅൽനാ ലിബശരിൻ മ്മിൻ ഖബ്‌ലിക്കൽഖുൽദ*** നിനക്കു മുമ്പേ നാം ഒരു മനുഷ്യനും ചിരകാലായുസ്സ് നൽകിയിട്ടില്ല.(21:35) ***അഫഇൻമ്മിത്ത ഫഹുമുൽ ഖാലിദൂൻ*** എന്നിരിക്കെ നീ മരിച്ചാൽ അവരാണോ ചിരഞ്ജീവികൾ?(21:35) കൂടാതെ വിശ്വാസികളോട് പറഞ്ഞു: ***വമാ മുഹമ്മദുൻ ഇല്ലാ റസൂലുൻ ഖദ്ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ അഫഇൻമ്മാത്ത ഔ ഖുത്തിലൻഖലബ്തും അലാ അഅ്ഖാബിക്കും വമൻയ്യൻഖലിബു അലാ അഖിബയ്ഹി ഫലൻയ്യുളുർറല്ലാഹ ശയ്അൻ വസയജ്സില്ലാഹുശ്ശാക്കിരീൻ***(3:145)മുഹമ്മദ് ഒരു (ദൈവ)ദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുകയോ? ഏതൊരാൾ തന്റെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുമോ അയാൾ അല്ലാഹുവിനൊരിക്കലും ഒരു ദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ്.' അദ്ദേഹം തുടർന്നെഴുതുന്നു. അതുകൊണ്ട് മുഹമ്മദു(സ)നെ ആരാധിച്ചിരുന്നവർ അറിഞ്ഞുകൊള്ളുക, മുഹമ്മദ്(സ) മരണപ്പെട്ടിരിക്കുന്നു. ആരെങ്കിലും ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിനെ ആരാധിച്ചിരുന്നുവെങ്കിൽ അറിയുക, അല്ലാഹു അവനെ പ്രതീക്ഷിച്ചിരിക്കുന്നു. അവൻ ജീവനുള്ളവനാകുന്നു. നിലനിൽക്കുന്നവനുമാകുന്നു. അവൻ മരിക്കുന്നതല്ല. അവനു മയക്കമോ ഉറക്കമോ ഉണ്ടാകന്നില്ല. അവൻ തന്റെകർമങ്ങളുടെസംരക്ഷകനാകുന്നു. തന്റെ ശത്രുക്കളോടു പകരം ചോദിക്കുന്നവനും അവർക്ക് ശിക്ഷ നൽകുന്നവനുമാകുന്നു. ഞാൻ നിങ്ങൾക്ക് അല്ലാഹുവിന്റെ തഖ്‌വയെയും അല്ലാഹു നിങ്ങൾക്കു വേണ്ടി നിശ്ചയിച്ച് തന്നിട്ടുള്ള നന്മയേയും നിങ്ങളുടെ നബി നിങ്ങൾക്ക് വേണ്ടി കൊണ്ടുവന്നിട്ടുള്ള അധ്യാപനങ്ങളെയും പ്രാവർത്തികമാക്കാൻ ആവർത്തിച്ച് ഉപദേശിക്കുകയാണ്. അതായത് നിങ്ങൾ നബി(സ)തിരുന്നിയുടെ മാർഗ്ഗദർശനത്തിൽനിന്ന് ഭാഗ്യങ്ങൾ തേടുക. അല്ലാഹുവിന്റെ ദീനിനെ മുറുകെ പിടിക്കുക.

ശേഷം പേജ് 9 ൽ

**• ഹദീഥുന്നബ്‌വി(സ) •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'** *(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• ഹദീഥുന്നബ്‌വി(സ) •**

**"ആര് എന്റെമേൽ സ്വലാത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**
*(അബൂദാവൂദ്, കിതാബുൽമനാസിക്)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 19 പേജ് 12, കോളം 3–ൽ നിന്ന്)

✧ ഒരു വിദ്യാർഥി ലൂക്കാസ് ജ്യോർക്ക് (Lucas Goerke) പറയുന്നു: വിവിധ മതങ്ങൾക്കിടയിൽ ഉണ്ടാകേണ്ട ഐക്യത്തെ കുറിച്ചും ആഗോള സമാധാനത്തെ കുറിച്ചും നിങ്ങളുടെ ഖലീഫയിൽനിന്നു ശ്രവിച്ച എല്ലാ വാക്കുകളോടും ഐക്യപ്പെടുന്നതിന്റെ ഫലമായി സമൂഹം അനശ്വരമായ സമാധാനത്തിന്റെ ഗേഹമായി മാറാവുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രകൃതിയിൽ കാണുന്ന വിനയവും സാധുത്വവും എനിക്ക് വളരെ ഇഷ്ടമായി.

✧ മൻ പ്രീത് സിംഗ് സാഹിബ പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹാളിലേക്ക് കടന്നു വന്നപ്പോൾ നിഴലിച്ച നിശബ്ദതയുടേയും ആദരവിന്റേയും അന്തരീക്ഷം ചക്രവർത്തിമാർക്ക് സമാനമായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ വാക്കുകൾ ഉണ്ടാക്കിയ സ്വാധീനം നേരെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി. ഭൗതികമായ നിലയിൽ മഹനീയരായ വ്യക്തികൾക്ക് പങ്കാളിത്തമുള്ള കാര്യമല്ല ഇത്. അദ്ദേഹത്തിന്റെ വ്യക്തിത്വം ആത്മീയ സ്വാധീനം സൃഷ്ടിക്കുന്നതായിരുന്നു. സമാധാനത്തെ കുറിച്ച് സംസാരിക്കുന്നതു കൂടാതെ ശാന്തിയും അച്ചടക്കവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലും മുഖകമലത്തിലും പ്രകടമായിരുന്നു. സവിശേഷമായ നിലയിൽ അദ്ദേഹം അസമാധാനാവസ്ഥയെ താരതമ്യപ്പെടുത്തിക്കൊണ്ട്, മൃഗങ്ങളോട് ഉദാഹരിച്ചു കൊണ്ട് മനുഷ്യത്വവാദികളുടെ ആത്മാവിനെ ഉണർത്തുകയുണ്ടായി. ഈ ഉദാഹരണം പുരോഗതി പ്രാപിച്ചിരിക്കുന്ന സമൂഹങ്ങൾക്ക് അവസരോചിതമായ സൂചനയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം മൊത്തത്തിൽ എനിക്ക് വളരെ ഇഷ്ടമായി.

✧ സമീപ നഗരവാസിയായ വേർണർ ഡൈട്രിച്ച്(Werner Dietrich) സാഹിബ് പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് ഇമാം പ്രസംഗത്തിൽ തിരഞ്ഞെടുത്ത പദങ്ങൾ എന്നെ വളരെ വിസ്മയിപ്പിച്ചു. സംയമനത്തോടെ ശാന്തഗംഭീരമായ വാക്കുകളിലും രീതിയിലും എല്ലാ സന്ദേശവും നല്കി. ഇരു വിഭാഗങ്ങളിലുമുള്ള ആശങ്കകളുടേയും ബന്ധങ്ങളുടേയും താരതമ്യം സമർപ്പിച്ചു. സമൂഹത്തിലെ വിവിധ തട്ടുകളിൽ നിലനിൽക്കുന്ന പ്രത്യക്ഷമായ അസ്വസ്ഥതകൾക്കുള്ള കാരണങ്ങളെ തുറന്ന നിലയിൽ വിശദീകരിച്ചു. സമൂഹങ്ങളിലെ സമാധാനത്തെ തകർക്കുന്ന പ്രേരക ഘടകങ്ങൾ ചൂണ്ടി കാണിക്കുകയുണ്ടായി. എന്നിട്ടും സമൂഹത്തിലെ ഒരു തട്ടിന്റേയും വിഭാഗത്തിന്റേയും ആത്മാഭിമാനത്തിനുമേൽ ഒരു തരത്തിലുമുള്ള കഠിനമായ വാക്കുകൾ ഉപയോഗിച്ചില്ലെന്നു മാത്രമല്ല, മനുഷ്യ മനസ്സാക്ഷിയേയും അന്തർദേശീയ മാനുഷിക മൂല്യങ്ങളേയും മുന്നിൽവെച്ചുകൊണ്ട് സംയുക്തമായ ചിന്തക്ക് വിഷയീഭവിക്കുന്ന ഭക്ഷണങ്ങളുടെ രൂപത്തിൽ കാര്യങ്ങൾ വിശദമാക്കുകയും ഉണ്ടായി. പ്രഭാഷണ സമാപ്തിയാകട്ടെ, സ്വന്തക്കാർക്കും ഇതർക്കും ദുആകൾ നല്കിക്കൊണ്ടുള്ളതായിരുന്നു.

✧ മിസ് സൈബില്ല(Miss Sybilla) സാഹിബ പറയുന്നു: മനുഷ്യ കുലത്തെ ഉപദേശിക്കാനും മുന്നറിയിപ്പു നല്കുന്നതിനും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെ ശ്രദ്ധയോടെയാണ് വാക്കുകൾ തിരഞ്ഞെടുത്തത്. ശബ്ദവും വളരെ നൈർമല്യത്തോടെയായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം പോലെ വാക്കുകളും ശബ്ദവും ശാന്ത പൂർണ്ണവും നൈർമല്യ പൂരിതവുമായിരുന്നു. പ്രഭാഷണത്തിനു മുമ്പേ തന്നെ അദ്ദേഹത്തിന്റെ അസ്തിത്വത്തിൽനിന്നു പരിശുദ്ധിയുടേയും പ്രകാശത്തിന്റേയും തോന്നൽ എനിക്ക് അനുഭവവേദ്യമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഈ തോന്നലിനെ സത്യപ്പെടുത്തുന്നതും സഹായിക്കുന്നതുമായിരുന്നു.

നിങ്ങൾ വളരെ ഉന്നതവും ഉദാത്തവുമായ രീതിയിലാണ് ഈ പരിപാടി ഒരുക്കിയിട്ടുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം നേരിട്ടു പങ്കെടുത്തുകൊണ്ട് അത് പൂർണത കൈവരിച്ചു. ജീവിതത്തിന്റെ വിവിധ വിഭാഗവുമായി ബന്ധപ്പെട്ട കേവലം 450 പേരെ കാണാൻവേണ്ടി പോപ്പ് വിളിക്കപ്പെട്ടാൽ ഇത്രയധികം ദൂരം യാത്ര ചെയ്ത് അദ്ദേഹം എത്തുമോ എന്ന ചിന്ത നിരന്തരം എന്റെ മനസ്സിൽ വന്നു കൊണ്ടിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സൃഷ്ടിച്ച സ്വാധീനമാകട്ടെ ഇത്തരത്തിലുള്ള വിചാരം കൂടുതൽ ഗഹനീയമാക്കാൻ തുടങ്ങി. മത നേതാക്കന്മാരാണെങ്കിൽ പൊതു ജനങ്ങൾവരേക്കും അവരുടെ പ്രശ്നങ്ങൾ അറിയാൻ താൽപര്യം കാണിക്കുന്ന ഇത്തരം വ്യക്തികൾ ആകണമെന്ന് എന്റെ മനസ്സിൽ തോന്നി.

✧ മിസ് ഓഷ്കിൻസ്(Miss.Oschkinis) സാഹിബ പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് ഇമാം സംസാരിക്കുമ്പോൾ വളച്ചുതിരിച്ചു പറയുന്നതിന്നു പകരം നേരേ ചൊവ്വേ സത്യമായ കാര്യങ്ങൾ പറയുന്നു.സംസാരം കാരണത്താൽ ദൃഢത കൈവരുന്നു. കാരണം അതിൽ മനുഷ്യത്വത്തിനുവേണ്ടിയുള്ള സത്യസന്ധവും നിസ്വാർഥവുമായ അനുകമ്പ നിലനില്ക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തകരും നിസ്വാർഥമായി ഇത്രയും വലിയ പ്രോഗ്രാം നടത്തുന്നു. സമൂഹത്തിൽ സ്ഥായിയായി നിലനില്ക്കുന്ന സമാധാനം പുലരുന്നതിനും മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കുന്നതിനും ഇത്തരത്തിലുള്ള കഠിന പ്രയത്നരായ ജമാഅത്തും ആശ്രയിക്കാൻ പറ്റുന്ന, നിസ്വാർഥരായ നേതാവും അനിവാര്യമാണ്.

✧ ഡോക്ടർ കോഹ്ലർ(Dr.Koehler) സാഹിബ പറയുന്നു: നിങ്ങളുടെ ഇമാം ഇത്രയധികം തുറന്ന മനസ്സിന്റെ ഉടമയായണെന്നത് എന്നെ വളരെ ആകർഷിച്ചു. ഇതേ സൽഗുണത്തിൽ ഊന്നിക്കൊണ്ടാണ് മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കാൻവേണ്ടി നിങ്ങളുടെ ഹൃദയങ്ങൾ തുറക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നത്. ആശങ്കകൾ നീക്കേണ്ടി വരും. നിങ്ങളുടെ ജമാഅത്തിലെ വ്യക്തികൾ വളരെയധികം സൽസ്വഭാവികളും ഉന്നത സ്വഭാവ ഗുണത്തിന്റെ ഉടമകളുമാണ്. അന്തർദേശീയ സഹവർത്തിത്വത്തിന് ആക്കം കൂട്ടാൻവേണ്ടിയും ജനങ്ങൾക്ക് ആത്മീയ ശാന്തി കൈവരാനും ഞാനും എന്റെ ഹോസ്പിറ്റലിൽ ശ്രമം നടത്താറുണ്ട്. ഇതേ ശാന്തിയും അച്ചടക്കവും ഇന്നത്തെ പരിപാടിയിൽ എനിക്കിവിടെ ദർശിക്കാൻ കഴിഞ്ഞു. എനിക്കിതിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ വളരെ സന്തോഷമുണ്ട്.

✧ ഹെറാൾഡ് ബോൻസൽ (Harald Boensel) സാഹിബ് പറയുന്നു: ഹുദൂർ തന്റെ പ്രഭാഷണം വളരെയധികം സുന്ദരമായ രൂപത്തിലാണ് അവതരിപ്പിച്ചത്. ഈ പ്രാഭാഷണത്തിൽനിന്നു വളരെയധികം കാര്യങ്ങൾ ഞാൻ പഠിച്ചു. നമുക്കിടയിലുള്ള സമ്മിശ്ര കാര്യങ്ങളെ അദ്ദേഹം മുന്നിൽക്കൊണ്ടു വന്നു. സ്ഥായിയായ സമാധാനത്തിന്റെ സ്ഥാപനത്തിന് മനുഷ്യരുടെ ഇടയിലുള്ള സമ്മിശ്ര മൂല്യങ്ങൾ മുഖേന പരസ്പരം അടുക്കാനുള്ള വഴികൾ തുറക്കപ്പെടുന്നു. ഇസ്ലാമിനെ സംബന്ധിച്ച് പൊതുവായ നിലയിൽ നമുക്കിടയിൽ പ്രചരിച്ചിട്ടുള്ള വീക്ഷണം ശരിയല്ല. നമുക്ക് ഇസ്ലാമിനെ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമർപ്പിച്ചിട്ടുള്ള വീക്ഷണങ്ങളുടെ വെളിച്ചത്തിൽ നോക്കേണ്ട ആവശ്യമുണ്ട്.

✧ സോഞ്ചാ ശമിറ്റ്(Sonja Schmidt) സാഹിബ പറയുന്നു: എനിക്ക് ഉള്ളിന്റെയുള്ളിൽനിന്നു ഹുദൂറിനോട് നന്ദിയുണ്ട്. എന്റെ ആത്മാവിൽ നിലനിന്നിരുന്ന കാര്യങ്ങളാണ് ഹുദൂർ വ്യക്തമാക്കിയത്. ആത്മീയ യാഥാർഥ്യങ്ങൾ വിവരിക്കുന്നതിനോടൊപ്പം ഇന്നത്തെ നവീനകാലഘട്ടത്തിൽ അവകൾ പ്രവർത്തന യോഗ്യമാണെന്നും അദ്ദേഹം സ്ഥാപിച്ചു കാണിച്ചു. ഞാനൊരു ക്രിസ്ത്യാനിയാണെങ്കിലും ഞാൻ സ്വയം എന്നെ മുസ്ലിമീങ്ങളെപോലെ ഈ പ്രസംഗത്തിൽ സംബോധിതയായി മനസ്സിലാക്കുന്നു.

✧ ഒരു മഹിള മിസ് പീവ്(Miss Peiv)സാഹിബ പറയുന്നു: എനിക്ക് നിങ്ങളുടെ ഖലീഫ വിസ്മയം ജനിപ്പിക്കുന്ന ഒരു വ്യക്തിയാണെന്ന് തോന്നി. കുറച്ചു സമയത്തേക്ക് ഇവിടെ താമസിക്കണമെന്ന് ഞാൻ തീരുമാനിച്ചിരുന്നു. പെട്ടെന്ന് മടങ്ങി പോവുകയും വേണം. കാരണം, എനിക്ക് 4 കുട്ടികളുണ്ട്. എന്റെ സഹോദരിയാണ് ഇന്ന് അവരെ നോക്കുന്നത്. എന്നാലിപ്പോൾ കുറച്ചു സമയം കൂടി ഞാനിവിടെ തങ്ങുമെന്ന് അവർക്ക് സന്ദേശം അയച്ചിട്ടുണ്ട്. കാരണം എനിക്ക് ഹുദൂറിന്റെ പ്രഭാഷണം മുഴുവനും കേൾക്കാൻ ആഗ്രഹമുണ്ട്. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ എഴുന്നേറ്റു പോവുക എന്നത് സാധ്യമല്ല.

✧ ഒരു അധ്യാപകൻ ബെൻ ഇല്മ് (Ben Ilm) സാഹിബ് പറയുന്നു: ഹുദൂറിന്റെ പ്രഭാഷണത്തിൽ ഞാൻ വളരെ ആകൃഷ്ടനാണ്. വിശേഷിച്ചും അദ്ദേഹം മുമ്പേ തയ്യാറാക്കിയ ഒരു പ്രസംഗമല്ല ഇവിടെ ചെയ്തത് എന്നതുകൊണ്ട്! ഇതര പ്രസംഗകരുടെ വാക്കുകളേയും തന്റെ പ്രഭാഷണത്തിൽ അദ്ദേഹം ഉൾപ്പെടുത്തി. സമാധാനത്തെ കുറിച്ചുള്ള സന്ദേശവും മതങ്ങളുടെ ഉത്തരവാദിത്വങ്ങളും നിങ്ങളുടെ ഖലീഫ പ്രഭാഷണത്തിൽ വിവരിച്ചു. ഇതു തന്നെയാണ് സമൂഹത്തിൽ യഥാർഥ ശാന്തി സമാധാനത്തിന്റെ ജാമ്യവും.

✧ ജർമനിയിലെ പ്രസിദ്ധ ടീ.വിറേഡിയോ സ്റ്റേഷൻ എഡിറ്റർമിസ് ക്ളോസ്റ്റർമാൻ (Miss Klostermann) പറയുന്നു:

ശേഷം പേജ് 11 ൽ

# അമീറുൽമുഅ്മിനീനും മുഅ്മിനിംകളും

മൗൽവി മുഹമ്മദു ഇസ്മായീൽ ആലപ്പുഴ

വഴിതെറ്റി അലയുന്ന മനുഷ്യാത്മാക്കളെ നേർവഴിയിലാക്കുന്നതിനും ഏകദൈവവിശ്വാസത്തിൽ അവരെ ഉറപ്പിച്ചു നിറുത്തുന്നതിനുംവേണ്ടി അല്ലാഹുവിൽനിന്ന് നബി അല്ലെങ്കിൽ പ്രവാചകൻ ആഗതനാകുന്നതോടെ പുതിയൊരു ജനസമൂഹം ലോകത്ത് ജന്മംകൊള്ളുന്നു. വിവിധ മതവിശ്വാസക്കാരും വിവിധദേശക്കാരും ആദർശക്കാരും നിർമതവാദക്കാരും നിരീശ്വരക്കാരും കറുത്ത വർഗക്കാരും വെളുത്തവർഗക്കാരും എന്നു വേണ്ട ലോകത്തുള്ള സകലമാന വിഭാഗങ്ങളിലുംപെട്ടവർ ചേർന്നാണ് പുതിയ സംഘം രൂപം കൊള്ളുന്നത്. ഇപ്പറഞ്ഞ ആളുകളുടെ മനസ്സിലുള്ള വിവിധ ആശയങ്ങളും വിഭിന്നങ്ങളായ വിശ്വാസങ്ങളും അവരിലെ പരസ്പര വിദ്വേഷവും അസൂയയും കുശുമ്പും വൈരാഗ്യവും അഹങ്കാരവും പൊങ്ങച്ചവും എല്ലാം നീങ്ങി, ദൈവനിയോഗിതൻ സമർപ്പിക്കുന്ന ഒരേയൊരു വിശ്വാസപ്രമാണത്തിൽ അടിയുറച്ചു നില്ക്കുന്നവരായിരിക്കും അവർ. പിന്നെ ആ സമൂഹത്തിൽ വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങൾക്കു സ്ഥാനമില്ല.

പ്രവാചകനെ അല്ലാഹു നേരിട്ട് തിരഞ്ഞെടുക്കുന്നു. പ്രവാചകന്റെ ദൗത്യം പൂർത്തിയാകുന്നതോടെ അദ്ദേഹത്തിന്റെ അനുയായികൾ പൂർണമായും പക്വത പ്രാപിക്കുന്നു. എത്രമാത്രമെന്നാൽ മുമ്പേ അല്ലാഹു അവരിൽനിന്ന് അവർക്കു മാർഗദർശകനായി ഒരാളെ തിരഞ്ഞെടുത്ത നല്കുകയാണ് ചെയ്തതെങ്കിൽ ഇപ്പോൾ അവർ സ്വയം തങ്ങളുടെ മാർഗദർശകനെ തിരഞ്ഞെടുക്കാൻ പ്രാപ്തരാകുകയും തിരഞ്ഞെടക്കുകയും ചെയ്യുന്നു. അവരിലെ ഏറ്റവും നിസ്സാരനായ ഒരാളായിരിക്കും തിരഞ്ഞെടുക്കപ്പെടുന്നത്. പക്ഷേ, തന്റെ ഭക്തദാസർ തിരഞ്ഞെടുത്ത ആ വ്യക്തിയെ അല്ലാഹു അംഗീകരിക്കുന്നു. അതോടെ ലോകരുടെ ദൃഷ്ടിയിൽ നിസ്സാരനായിരുന്ന ആ വ്യക്തിയിൽ അത്ഭുതകരമായ മാറ്റം ഉണ്ടാകുന്നു. ആത്മീയതയുടെ തേജോവിലാസം അനുഗൃഹീതമായ ആ മുഖത്ത് പ്രോജ്ജ്വലിക്കുന്നു. ആ പ്രഭാവത്തിനുമുമ്പിൽ മറ്റുള്ളവർ നിഷ്പ്രഭരായിത്തീരുന്നു. അദ്ദേഹമാണ് പ്രവാചകന്റെ അല്ലെങ്കിൽ നബിയുടെ പ്രാതിനിധ്യം വഹിക്കുന്ന ഖലീഫ. സർവസാധാരണമായ ഈ തത്ത്വം കുബുദ്ധികൾക്കു മനസ്സിലായിക്കൊള്ളണമെന്നില്ല. അതുകൊണ്ടവർ പിറുപിറുത്തു നടക്കും.

ആ ഖലീഫയുടെ ജീവിതവും നബിയെപ്പോലെ സംശുദ്ധവും മാതൃകാപരവുമായിരിക്കും. ഖലീഫയ്ക്ക് തന്റെ അനുയായികളോടും അനുയായികൾക്ക് തങ്ങളുടെ ഖലീഫയോടുമുള്ള ബന്ധം അല്ലാഹു സൃഷ്ടിക്കുന്നതാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: 'നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുവിൻ. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഠത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു.' (3:104)

അല്ലാഹു ഹൃദയങ്ങളെ തമ്മിൽ ഇണക്കിയിട്ടുള്ള ആ ഒരു വിഭാഗം ഇന്ന് അഹ്മദിയ്യഃജമാഅത്തു മാത്രമാണ്. അതിനെ തൊട്ടറിയാൻ ശ്രമിച്ചാൽ അക്കാര്യം ഓരോരുത്തർക്കും വ്യക്തമാകുന്നതാണ്. ഖലീഫയും അനുയായികളും തമ്മിലുള്ള ആ ബന്ധത്തിന്റെ ചില ഉദാഹരണങ്ങൾ സമർപ്പിക്കുകയാണിവിടെ.

ജമാഅത്തിന്റെ സ്നേഹവും ആത്മാർഥതയും കണ്ടുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽഅസീസ് പറയുന്നു: 'ഹ്ദറത്ത് മസീഹ് മൗഊദ്[അ]ന്റെ ഈ പ്രിയപ്പെട്ട ജമാഅത്ത് കാണിച്ച സന്തോഷവും അല്ലാഹുവിനെ സ്തുതിക്കലുമുണ്ടല്ലോ, അത് ഈ ജമാഅത്തിന്റെ മാത്രം പ്രത്യേകതയാണ്. അതു ഇന്ന് ഈ ജമാഅത്തിലല്ലാതെ ലോകത്ത് ഒരിടത്തും കാണുകയില്ല. ഈ ഒരു അടയാളം മാത്രം മതി ഹ്ദറത്ത് മസീഹ് മൗഊദ്[അ]ന്റെ സത്യസാക്ഷ്യത്തിന്; പക്ഷേ, മനസ്സിൽ ദൈവഭയം ഉണ്ടാകണമെന്നു മാത്രം. അല്ലാഹു സത്യവിശ്വാസികളുടെ ജമാഅത്തിന് പരലോകസ്വർഗത്തെ സംബന്ധിച്ച് സുവാർത്ത നല്കുമ്പോൾ , അതു പിന്നീടു കാണിക്കുമെന്ന വാഗ്ദാനം മാത്രമല്ല നല്കിയിട്ടുള്ളത്, പ്രത്യുത ഈ ലോകത്തും ആത്മാർഥതയുടേയും കൂറിന്റേയും സ്നേഹത്തിന്റേയും മാതൃക കാണിച്ചുകൊണ്ടു ഭാവിയിൽ സ്വർഗം നല്കുമെന്നു പറഞ്ഞിട്ടുള്ള വാഗ്ദാനത്തിനു കരുത്തു പകരുകയും ചെയ്യുന്നുണ്ട്. നിത്യേന വരുന്ന കത്തുകളിലൂടെ ഇതിന്റെ ദൃശ്യം ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. അതുകാണുമ്പോൾ അല്ലാഹുവിന്റെ സ്തുതിയാൽ മനസ്സ് തിങ്ങിനിറയുന്നു; നൂറുക്കണക്കിന്, ആയിരക്കണക്കിനു മൈൽ ദൂരെയുള്ള ഒരു വ്യക്തി അല്ലാഹുവിനുവേണ്ടി മാത്രം ഖലീഫയോടു സ്നേഹവും സന്തോഷവും കാണിക്കുകയാണ്. ഇവിടെയുള്ളതും ഇതേ അവസ്ഥ തന്നെയാണു. ഒരു വൈദ്യുതിപ്രവാഹംപോലെ പെട്ടെന്നാണ് അതേ വികാരങ്ങൾ ശരീരത്തിൽ പ്രവഹിക്കുന്നതു. അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ്.' *(ഖുത്ബാത്തെ മൻസൂർ വാള്യം 1 പേജ് 17, 2003)*

ഖലീഫത്തുൽമസീഹ് പറയുന്നു: 'ഇപ്രകാരംതന്നെ ഫ്രാൻസിലെ ജൽസയും അതിന്റേതായ നിലയിൽ വളരെ വിജയമായിരുന്നു. അൽഹംദുലില്ലാഹ്. ഇവിടുത്തെ പ്രവർത്തകരും കൃതജ്ഞതയ്ക്കർഹരാണ്. ഇവിടുത്തെ ജൽസയുടെ ഏറ്റവും വലിയ പ്രത്യേകത എന്തായിരുന്നുവെന്നുവച്ചാൽ, വലിയൊരു വിഭാഗം അംഗങ്ങൾ പാകിസ്താനു വെളിയിലുള്ളവരാണ്. അവർ ആഫ്രിക്ക, അൾജീരിയ, മൊറോക്കൊ, ഫിലിപൈൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള അഹ്മദികളാണ്. എല്ലാവരും അത്യധികം ആവേശത്തോടും ഉത്സാഹത്തോടും അവരവരുടെ ചുമതലകൾ ഭംഗിയായി നിർവഹിച്ചു. ദീർഘകാലത്തെ പരിചയമുള്ളവരുടേതുപോലെയായിരുന്നു അവരുടെ പ്രവർത്തനം. അല്ലാഹു അവരുടെ ഈമാനിലും ആത്മാർഥതയിലും അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള അവരുടെ സ്നേഹവും വിവരണാതീതമാണ്. അല്ലാഹു അതു വർധിപ്പിച്ചുകൊണ്ടിരിക്കുകയും ഉറച്ചുനില്ക്കാൻ കരുത്തു പകരുകയും ചെയ്യുമാറാകട്ടെ.'

*(ഖുത്ബാത്തെ മൻസൂർ വാള്യം 1 പേജ് 322, 2003)*

വീണ്ടും പറയുന്നു: 'ഇന്തോനേഷ്യക്കാരെക്കുറിച്ചാണ് ഞാൻ പറഞ്ഞു വന്നത്. അവരുടെ നെഞ്ചകങ്ങൾ വിശ്വാസപരമായ യുക്തിജ്ഞാനങ്ങൾകൊണ്ടു അല്ലാഹു നിറച്ചുകൊണ്ടിരിക്കുകയാണെന്ന് ഹ്ദറത്ത് മസീഹു മൗഊദ്[അ] പറയുകയുണ്ടായി. എല്ലായിടത്തും ആ ദൃശ്യം നല്ലവണ്ണം കാണാൻ കഴിഞ്ഞു. ഖുത്ബയ്ക്കു ശേഷം-അതിൽ സിംഗപൂരിലെ ഖുത്ബയെക്കുറിച്ചാണ് പ്രതിപാദിച്ചത്- പരസ്പരം ആശ്ലേഷിച്ച് ഇക്കൂട്ടർ വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു. തങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി അല്ലാഹു മാറ്റുമെന്നും അവന്റെ സഹായങ്ങളുടെ ദൃശ്യം കൂടുതൽ തങ്ങൾ കാണുമെന്നുമുള്ള കാര്യത്തിൽ ഉറച്ചു നില്ക്കുകയാണവർ. ഇൻശാഅല്ലാഹ്. സിംഗപ്പൂരിൽ മലേഷ്യയ്ക്കും ഇന്തോനേഷ്യയ്ക്കും- ഇവിടെ നിന്നാണ് ഏറ്റവും കൂടുതലാളുകൾ പങ്കെടുത്തിരുന്നത്- പുറമെ മറ്റു ചില രാജ്യങ്ങളിൽനിന്നും കുറച്ചാളുകൾ വന്നിരുന്നു; ഫിലിപൈൻ, കമ്പോഡിയ, പാപ്വാനിയോ ഗിനി, തായ്‌ലാൻഡ്. അവരെല്ലവരും ദൈവകൃപയാൽ ആത്മാർഥതയുടേയും കൂറിന്റേയും മാതൃക കാഴ്ചവയ്ക്കുന്നവരായിരുന്നു. ചിലർ ബയ്അത്തു ചെയ്തിട്ട് കുറച്ചു വർഷമേ ആയിട്ടുള്ളു; പുരുഷന്മാരും, സ്ത്രീകളും. പക്ഷേ, അവരുടെ ഖിലാഫത്തിനോടുള്ള ബന്ധവും കൂറും അത്ഭുതമുളവാക്കുന്നതായിരുന്നു. അവിടെ വരാനും അവർക്കു കൂടുതൽ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വളരെ വളരെ ദൂരദൂര സ്ഥലങ്ങളിലാണ് അവർ വസിക്കുന്നത്. വാടകയ്ക്കു വണ്ടിപിടിച്ചാണ് അവർ അവിടെ എത്തിയത്. ടിക്കറ്റു തുടങ്ങിയവയ്ക്കു വൻ ചെലവാണ്. അവർ അല്ലാഹുവിന്റെ കക്ഷിക്കാരാണ്, അവരെ അവൻതന്നെ സംരക്ഷിക്കുമെന്ന് ഹ്ദറത്ത് മസീഹു മൗഊദ്[അ] പറഞ്ഞത് എത്രവ്യക്തമായിട്ടാണ് പുലർന്നത്.' *(ഖുത്ബഃ ജുമുഅഃ 19-05-2006, ബയ്ത്തുൽഫുതൂഹ് ലണ്ടൻ)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് പറയുന്നു: 'ഇപ്പോൾ നടത്തിയ ആഫ്രിക്കൻ

പര്യടനത്തിൽ കഴിഞ്ഞ വർഷത്തെപ്പോലെ ഇപ്രാവശ്യവും വിവിധ രാജ്യങ്ങളിൽപ്പോയി അഹ്മദികളിൽ കണ്ട ആത്മാർഥതയുടേയും കൂറിന്റേയും ഒരു വിശദീകരണമുണ്ട്. ചിലതു അനുഭവിച്ചറിയാനെ കഴിയൂ, വിവരിക്കാൻ പറ്റുകയില്ല. തൻസാനിയായിലെ എല്ലാ റോഡുകളും സഞ്ചാരയോഗ്യമല്ല, ഒരു പട്ടണത്തിൽനിന്ന് മറ്റൊരു പട്ടണംവരെ എത്താൻ, 600-700 കിലോമീറ്റർയാത്ര ചെയ്യാൻ 8,10 ദിവസം വേണ്ടിവരും. അവിടെ ചെറിയൊരു വിമാനത്താവളമുണ്ട്. അവിടുത്തെ അങ്കലത്തുള്ള, മറ്റുള്ളവയെ അപേക്ഷിച്ച് വലിയൊരു പ്രദേശത്ത് ചെറിയൊരു വിമാനത്തിൽ ഞങ്ങൾ പോയി. ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ നിന്ന് ആളുകൾ അവിടെ എന്നെ കാണാൻ വന്നിരുന്നു. അവരിലെ ആവേശവും കാണേണ്ടതു തന്നെയാണ്. എം.ടി.എയുടെ സൗകര്യംപോലുമില്ലാത്ത ഒരുപാടു സ്ഥലങ്ങൾ ഉണ്ടവിടെ. അതുകൊണ്ടു എം. ടി. എ കണ്ടിട്ടാണ്, ചിത്രങ്ങൾ കണ്ടിട്ടാണ് ഈ ബന്ധമുണ്ടായതെന്ന് പറയാൻ വയ്യ. പ്രത്യേക സ്നേഹവും ബന്ധവും വിളിച്ചറിയിക്കുന്നതായിരുന്നു സൽകർമകാരികളായ അവരുടെ ആവേശം. ഹസ്തദാനം ചെയ്തപ്പോഴുള്ള അവരുടെ വികാരങ്ങൾ വിവരിക്കുക എന്നത് എനിക്കു പ്രയാസമാണ്. ഒരുദാഹരണം പറയാം.

'ഹസ്തദാനം ചെയ്യാൻ ആളുകൾ വരിവരിയായി നില്ക്കുകയാണ്. ഒരാൾ കൈ മുമ്പോട്ടു നീട്ടി. ഒപ്പം വികാരാധീനനായി കരയാൻ തുടങ്ങി. ഈ ബന്ധം, ഈ സ്നേഹപ്രകടനം ഏതെങ്കിലും രാജാവുമായിട്ട് ഉണ്ടാകാറുണ്ടോ? അതല്ല, ഈ ബന്ധം അല്ലാഹുവിൽനിന്ന് ഹൃദയാന്തരങ്ങളിൽ സൃഷ്ടിക്കപ്പെടുന്നതാണോ? തളർവാത രോഗിയായ ഒരു പഴയകാല അഹ്മദി നിർബന്ധം പിടിച്ച് 40, 50 കിലോമീറ്ററോ മൈലോ യാത്ര ചെയ്ത് എന്നെ കാണാൻ വന്നിരുന്നു. രോഗംകൊണ്ട് അദ്ദേഹത്തിന്റെ കൈ തിരിഞ്ഞു പോയിരുന്നു. ആ കൈകൾകൊണ്ട് എന്റെ കൈ അദ്ദേഹം ശക്തമായി പിടിച്ചു. എന്റെ കൈ വിലങ്ങുകൾക്കുള്ളിൽക്കുരുങ്ങിയതായി എനിക്കു അനുഭവപ്പെട്ടു. ഇത്രമാത്രം കഷ്ടപ്പാട് ഏതെങ്കിലും ഭൗതിക സുഖത്തിനായി ഒരു രോഗി സഹിക്കുമോ? ചുരുക്കം പറഞ്ഞാൽ വികാരങ്ങളുടെ വിവിധ രംഗങ്ങൾ വെളിപ്പെടുകയായിരുന്നു അവിടെ.

'ഇതേ അവസ്ഥ തന്നെയായിരുന്നു കെനിയയിലെ ദൂരദൂരയുള്ള പ്രദേശങ്ങളിലെ അഹ്മദികളിലും. ഇതേ വികാരങ്ങൾ തന്നെയായിരുന്നു ഉഗാണ്ടയിലെ ദൂരദൂര പ്രദേശങ്ങളിൽ വസിക്കുന്ന അഹ്മദികളിലും. റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു വരുമ്പോൾ അതു നിങ്ങൾ വായിക്കണം. അപ്പോൾ മനസ്സിലാകും ഖിലാഫത്തിനോടു ജനങ്ങൾക്കുള്ള ആത്മാർഥത എത്രത്തോളമാണെന്ന്. ഇൻശാഅല്ലാഹ് ഇതേ സല്കർമവും ആത്മാർഥതയും അഹ്മദിയ്യാജമാഅത്തിന്റെ എന്നെന്നുമുള്ള ദൃഢതയ്ക്കും ഖിലാഫത്തിന്റെ സുസ്ഥിരതയ്ക്കും കാരണമായി മുന്നോട്ടുപോകുന്നതാണ്.' (അൽഫദ്ൽ ഇന്റർനാഷണൽ ജൂൺ 10-17, 2005)

ആഫ്രിക്കയിലെ അവസ്ഥകൾ വിവരിച്ചുകൊണ്ട് ഖലീഫത്തുൽമസീഹ് പറഞ്ഞു: 'ഉഗാണ്ടയിൽ വിമാനമിറങ്ങി, വിമാനത്താവളത്തിനു വെളിയിൽ വന്നപ്പോൾ ഒരു സ്ത്രീ തന്റെ 2, 3 വയസ്സുള്ള കുഞ്ഞിനേയുമെടുത്ത് കാറിനൊപ്പം ഓടാൻ തുടങ്ങി. അവരുടെ നയനങ്ങളിൽ ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള ബന്ധം തെളിഞ്ഞു കാണാമായിരുന്നു; കൂറ് പ്രകടമായിരുന്നു. കുഞ്ഞ് എന്നെ നോക്കുന്നുണ്ടായിരുന്നില്ല. അവർ ഇടയ്ക്കിടെ കുഞ്ഞിന്റെ മുഖം എന്റെ നേരെ തിരിച്ച് ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു. കുഞ്ഞിനോടു നോക്ക് നോക്ക് എന്നു പറഞ്ഞുകൊണ്ടു കുറേ ഓടി. അവർ തിക്കിലുംതിരക്കിലും പെട്ടുകൊണ്ടിരുന്നു. പക്ഷേ, അതൊന്നും അവർ വകവെച്ചില്ല. അവസാനം കുട്ടി എന്നെ കണ്ടപ്പോൾ ചിരിച്ചുകൊണ്ട് കൈ വീശാൻ തുടങ്ങി. അപ്പോഴാണ് ആ പെറ്റമ്മായ്ക്ക് സമാധാനമായത്. ആ കുഞ്ഞിന്റെ മുഖത്തെ തിളക്കവും സന്തോഷവും വർഷങ്ങളായിട്ടു പരിചയമുള്ളതുപോലെയായിരുന്നു. ഇത്തരം മാതാക്കളുടെ മടിത്തട്ടിൽ ഖിലാഫത്തിനോടു സ്നേഹമുള്ള കുട്ടികൾചിറകുമുളച്ചു വളരുമ്പോൾ അഹ്മദിയ്യ ജമാഅത്തിന് ഭാവിയെ സംബന്ധിച്ച് പിന്നെന്ത് ഭീഷണിയാണുള്ളത്' *(അൽഫദ്ൽ ഇന്റർനാഷണൽ ജൂൺ 10-17, 2005)*

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) പറയുന്നു: 'എല്ലാ ആക്ഷേപങ്ങളുടേയും എതിരാളികളുടേയുമേൽ വിജയിക്കുന്ന ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവസുറ്റ ഒരു മുഅ്ജിസത്താണ് അഹ്മദിയ്യാ ജമാഅത്തിന്റെ രൂപീകരണവും അതിന്റെ ശിക്ഷണവും അതിന്റെ പെരുമാറ്റവും അതിന്റെ കൃത്യനിർവഹണവും. അത്തരം കൃത്യനിർവഹണം ലോകത്ത് ഒരിടത്തും കാണാൻ കഴിയില്ല. ഈ ജമാഅത്തിനെ ഉദാഹരിക്കാൻ ലോകത്ത് ഒന്നുംതന്നെയില്ല. അത്തരത്തിലുള്ള അനുരക്തിയും സ്ഹേവും ബന്ധവും കാണുമ്പോൾ സ്നേഹമുണ്ടായിട്ടും അസൂയ തോന്നുന്നു. നമ്മളെക്കാൾ കൂടുതൽ ഇവർ നമ്മെ സ്നേഹിക്കുന്നില്ലേ എന്ന ആശങ്കയുമുണ്ട്. ഈ അവസ്ഥ എങ്ങനെയുള്ളതാണെന്നുവച്ചാൽ, യഥാർഥത്തിൽ ലോകത്തിന്റെ പർദയ്ക്കുള്ളിൽ അതിനുള്ള ഉദാഹരണം എടുത്തു കാണിക്കുക എന്നതു പോകട്ടെ, അതിന്റെ ചേരുവകൾക്കുപോലും ഒരു ഉദാഹരണം കാണാൻ കഴിയില്ല.' *(ഖുത്ബാത്തെ ത്വാഹിർ വാല്യം 1, പേജ് 2,3)*

ലണ്ടൻ മസ്ജിദ് ഇമാം മൗലാനാ അത്വാവുൽ മുജീബ് റാശിദ് സാഹിബിൽനിന്ന് നിവേദനം. കാനഡായിലെ ഒരു അഹ്മദി സ്നേഹിതൻ, അമുസ്ലിമായ ഒരു പ്രൊഫസർ ഡാക്ടർ ഗ്വാൽതീരിയെ ഹുസൂറിന് പരിചയപ്പെടുത്താൻ ലണ്ടനിൽ കൊണ്ടുവന്നു. കൂടിക്കാഴ്ചയ്ക്കു പോകുന്നതിനു മുമ്പേ അദ്ദേഹം എന്റെ ഓഫീസിലാണുവന്നത്. അഹ്മദി സുഹൃത്ത് അദ്ദേഹത്തെ എനിക്കു പരിചയപ്പെടുത്തി. ലണ്ടനിൽ വന്നതിന്റെ ഉദ്ദേശ്യവും പറഞ്ഞു. പ്രാരംഭ പരിചയപ്പെടലിനുശേഷം ആദ്യമായി വന്നതുകൊണ്ടു, ഹുസൂറിന്റെ സ്ഥാനത്തെക്കുറിച്ചും, വ്യക്തിത്വത്തെക്കുറിച്ചും എന്തെങ്കിലും അദ്ദേഹത്തിനു പറഞ്ഞു കൊടുക്കണമെന്നു എനിക്കു തോന്നി. കുറച്ചു കാര്യങ്ങൾ ഞാൻ അദ്ദേഹത്തിനു പറഞ്ഞുകൊടുക്കുകയും ചെയ്തു. ഓരോ അഹ്മദിയുടേയും മനസ്സിൽ ഖലീഫയോടു അതിരറ്റ സ്നേഹമാണുള്ളത്. അവർ സംസാരിക്കുമ്പോൾ സ്നേഹത്തിന്റെ ഈ വശം അവരുടെ മുഖത്ത് വ്യക്തമായും തെളിഞ്ഞു വരും. ഏതാണ്ട് ഈ രീതിയിലാണ് ഞാൻ അദ്ദേഹത്തോടു സംസാരിച്ചത്. എന്താണ് അന്ന് പറഞ്ഞതെന്ന് ഇപ്പോൾ എനിക്കു നല്ല ഓർമയില്ല. പക്ഷേ, അദ്ദേഹത്തിന് ആ സംസാരം വളരെ പ്രയോജനപ്പെട്ടു. അതിനുശേഷം അദ്ദേഹം ഹുസൂറിനെ കാണാൻപോയി. ഒരുപാടുനേരം ഹുസൂറുമായി സംസാരിച്ചിരുന്നു. എന്തെല്ലാം വിഷയങ്ങളെ സംബന്ധിച്ചാണ് സംസാരിച്ചതെന്ന് എനിക്കോർമയില്ല. പക്ഷേ, ഒന്നറിയാം ആ ബുദ്ധിജീവിയായ പ്രൊഫസർ കൂടിക്കാഴ്ചയുടെ രത്നച്ചുരുക്കം എത്ര മനോഹരമായിട്ടാണ് വിവരിച്ചത്. അദ്ദേഹത്തിന്റെ അഹ്മദി സുഹൃത്ത് എന്നോടു പറഞ്ഞു, 'ഹുസൂറുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം പ്രൊഫസർ സാഹിബ് വെളിയിൽവന്നു. അദ്ദേഹം പറഞ്ഞു: 'ഇമാം സാഹിബിന്റെ സംസാരത്തിൽ നിന്ന് എനിക്കു മനസ്സിലായത് അഹ്മദീ മുസ്ലീംകൾ തങ്ങളുടെ ആത്മീയനേതാവിനെ അങ്ങേയറ്റം സ്നേഹിക്കുന്നുവെന്നാണ്. പിന്നീടു അവരുടെ ആത്മീയനേതാവുമായി സംസാരിച്ചപ്പോൾ എനിക്കൊന്നു മനസ്സിലായി, അഹ്മദികൾ തങ്ങളുടെ ആത്മീയനേതാവിനെ സ്നേഹിക്കുന്നുണ്ട് പക്ഷേ, സത്യമെന്താണെന്നുവച്ചാൽ, അവരുടെ നേതാവ് അവരെക്കാൾ കൂടുതൽ അവരെ സ്നേഹിക്കുന്ന ആളാണ്.' എത്ര നേരോടും സത്യസന്ധവുമായിട്ടാണ് ആ ബുദ്ധിജീവി ജമാഅത്തിനെ വിലയിരുത്തിയത്? *(മാഹനാമഃ ഖാലിദ് സയ്യിദുനാ ത്വാഹിർ നമ്പർ 2004, പേജ് 299)*

ബഹുമാനപ്പെട്ട ചൗധരി ഹമീദുല്ലാഹ് സാഹിബ് വക്കീലുൽഅഅ്ലാ തഹ്രീക്കെ


ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


• ഹദീഥുന്നബ്‌വി(സ) •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*


ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ജദീദ് പറയുന്നു: '1984 ഏപ്രിൽ 28ന് (തൊട്ടടുത്ത ദിവസമാണ് ഹുദൂർ ഹിജ്റത്ത് ചെയ്തത്)റബ്വയിലെ മസ്ജിദ് മുബാറക്കിൽ ഒരു നമസ്കാരത്തിനു ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്[റഹ്] ജമാഅത്തംഗങ്ങളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്. പ്രസംഗിക്കാനല്ല ഞാൻ നിങ്ങളെ ഇരുത്തിയത്. നിങ്ങളെ ഒന്നു കാണാൻ വേണ്ടിയാണ്. നിങ്ങളെ കാണുമ്പോൾ എന്റെ കണ്ണുകൾക്കു കുളിർമ അനുഭവപ്പെടുന്നു. എന്റെ ഹൃദയത്തിന് സമാധാനം ലഭിക്കുന്നു. എനിക്കു നിങ്ങളോടു സ്നേഹമുണ്ട്; അനുരക്തിയുണ്ട്. അല്ലാഹുവാണ! ഇത്രമാത്രം സ്നേഹം ഒരു മാതാവിനും ഉണ്ടാകുകയില്ല.' *(മാഹനാമഃ ഖാലിദ് സയ്യിദുനാ ത്വാഹിർ നമ്പർ 2004, പേജ് 299)*

ഖലീഫത്തുൽ മസീഹ് റാബിഅ്[റഹ്] ഒരു ഖുത്ബയിൽ ജമാഅത്തംഗങ്ങളുടെ ആത്മാർഥതയും കൂറും വിവരിച്ചുകൊണ്ടു പറഞ്ഞു: 'ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്ന ഒരു സ്നേഹിതന്റെ കത്ത് കിട്ടി. അദ്ദേഹം പറയുന്നു: ബ്രിട്ടനിലെ ആളുകൾ നോക്കുകയില്ലെന്നോ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയില്ലെന്നോ ഉള്ള ചിന്ത എനിക്കില്ല. ഒരിക്കലും അങ്ങനെയൊരു ചിന്ത ഉണ്ടായിട്ടുമില്ല. തന്റെ ആശങ്ക അദ്ദേഹം പഞ്ചാബിയിൽ പ്രകടിപ്പിച്ചത്, **കഹീ ആപ് കൊ 'മൽ ഹി നഃ ലേ'** എന്നാണ്. എനിക്കുള്ള ഭയം അങ്ങയെ അവർ കൈവശപ്പെടുത്തിക്കളയുമോ എന്നതാണ്........ഇതു വളരെ ഉദാത്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. ഞാനിദ്ദേഹത്തോടു പറയുകയാണ്, എല്ലാ പാക്കിസ്ഥാൻ വാസികളോടും പറയുകയാണ്, പ്രത്യേകിച്ചും റബ്വയിലെ ദർവേശുമാരോടു പറയുകയാണ്, ഞാൻ കൈവശപ്പെട്ടു കഴിഞ്ഞിരിക്കുന്നു. എന്റെ ജീവിതം, എന്റെ ഇരുപ്പും എഴുന്നേല്ക്കലും, എന്റെ ജീവിതവും എന്റെ മരണവും നിങ്ങളോടൊപ്പമാണ്. അല്ലാഹുവിന്റെ വഴിയിൽ പ്രയാണം ചെയ്യുന്ന ദർവേശുമാരുടെ സ്നേഹത്തെ ഞാൻ മറക്കുക എന്നത് അസംഭാവ്യമാണ്. ലോകത്തുള്ള ഒരു ശക്തിയ്ക്കും എന്റെ ഹൃദയത്തിലുള്ള ഈ സ്നേഹത്തെ നുള്ളിപ്പറിച്ചെടുക്കാൻ സാധ്യമല്ല. ലോകത്തുള്ള കണ്ണഞ്ചിപ്പിക്കുന്ന ഒരു വസ്തുവിനും ഭൗതികമായ ഒരു അനുഗ്രഹത്തിനും എന്റെ ദൃഷ്ടിയെ നിങ്ങളിൽനിന്നെടുത്ത് തങ്ങളിൽ സ്ഥാപിക്കാൻ സാധ്യമല്ല. അല്ലാഹുവിനിഷ്ടപ്പെട്ട ലക്ഷക്കണക്കിന്നാളുകളുണ്ട്. ഞാനവരെ സ്നേഹിക്കുന്നുമുണ്ട്. ലക്ഷക്കണക്കിനിഷ്ടപ്പെടുന്നവരുമുണ്ട്; അല്ലാഹുവിൽനിന്ന് ഞാൻ ഈ സ്ഥാനത്ത് അവരോധിതനായിരിക്കുന്നുവെന്ന ഒറ്റക്കാരണത്താൽ നിങ്ങളെപ്പോലെ തങ്ങളുടെ ഇമാമിനേയും എന്നെയും സ്നേഹിക്കുന്നവരുണ്ട്. പക്ഷേ, ആ എല്ലാ സ്നേഹങ്ങളും അതിന്റെ സ്ഥാനത്തു ശരിതന്നെ. എന്നാൽ, അല്ലയോ റബ്വയിലെ പരിശുദ്ധരായ ദർവേശുമാരേ! അല്ലാഹുവിനുവേണ്ടി പീഢനങ്ങൾ ഏറ്റുവാങ്ങുന്ന അവന്റെ വീട്ടിലെ ഫക്കീറുമാരേ! നിങ്ങളുടെ സ്നേഹത്തിനു വേറിട്ടൊരു സ്ഥാനമാണുള്ളത്. അതിന് അത്യത്ഭുതകരമായൊരു തേജോവിലാസമാണുള്ളത്. അതിനെ ചെറുക്കാൻ ലോകത്താർക്കും സാധ്യമല്ല. ഒരു പദ്യശകലം എനിക്കോർമ വരുന്നു. ഒരുപക്ഷേ, അതുകൊണ്ട് എന്റെ മനസ്സിലുള്ളതു നിറവേറ്റപ്പെടും. ഒരു കവി പറഞ്ഞു:

**ഹം ജിസ് പർ മർ രഹെ ഹൈ വൊ ഹെ ബാത് ഹി കുച്ഛ് ഔർ**

**തുംസെ ജഹാൻ മെ ലാഖ് സഹി തും മഗർ കഹാൻ**

നമ്മൾഏതൊരുത്തനുവേണ്ടി മരിച്ചുകൊണ്ടിരിക്കുന്നുവോ, അക്കാര്യം ഒന്നു വേറെ തന്നെയാണ്. ലക്ഷക്കണക്കിന്നാളുകൾ ലോകത്തുണ്ടെന്നത് ശരിതന്നെ, എന്നാൽ നിങ്ങളുടെ സ്ഥാനം അവർക്കെവിടെ? *(ഖുത്ബാത്തെ ത്വാഹിർ വാള്യം 3, പേജ് 531,532)*

ഹ്ദറത്ത് മിർസാ നാസിർ അഹ്മദ് ഖലീഫത്തുൽമസീഹ് ഥാലിഥ്[റഹ്] പറയുന്നു: '1967-ൽ ഡന്മാർക്കിലെ കോപ്പൻഹേഗ് എന്ന സ്ഥലത്ത് കുറച്ചു പാതിരിമാർ എന്നെ കാണാൻ വന്നു. അവരിലൊരാൾ എന്നോടു ചോദിച്ചു: 'അഹ്മദിയ്യഃ ജമാഅത്തിൽ താങ്കളുടെ സ്ഥാനമെന്തണ്?' ഞാനയാളോടു പറഞ്ഞു: 'താങ്കളുടെ ചോദ്യം ശരിയല്ല. കാരണം ഞാൻ മസ്സിലാക്കുന്നത് അഹ്മദിയ്യഃ ജമാഅത്തിന്റെ ഇമാമും അഹ്മദിയ്യഃ ജമാഅത്തും ഒരേയൊരു വസ്തുവിന്റെ രണ്ടു പേരുകളാണ്. അതായതു ഖലീഫയും ജമാഅത്തും ചേർന്ന് ഒരു അസ്തിത്വമായിമാറുന്നു. അതുകൊണ്ടു ജമാഅത്തിന്റെ ദുഃഖങ്ങൾ അകറ്റുന്നതിനുവേണ്ടി പരിശ്രമിക്കുക എന്നത് അദ്ദേഹത്തിന്റെ പ്രവർത്തിയാണ്; അദ്ദേഹം നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുക എന്നതാണ്.'

'ആഴ്ചകളോളം നിങ്ങൾക്കുവേണ്ടി രാത്രി ഉറക്കമിളച്ചിരുന്ന് പ്രാർഥിക്കുന്ന അവസ്ഥകളും ഖലീഫയ്ക്കുണ്ടാകാറുണ്ട്. 1974-ൽ ഇങ്ങനെ പ്രാർഥിക്കേണ്ടതായ അവസ്ഥ വന്നു. ആ ഘട്ടത്തിൽ രണ്ടു മസത്തോളം അല്പംപോലും ഉറങ്ങിയിരുന്നില്ല എന്നാണ് എനിക്കു തോന്നുന്നത്. മാസങ്ങളോളം പ്രാർഥനയിൽ കഴിച്ചുകൂട്ടി. ഖലീഫ എന്നു പറയുന്നത് നിങ്ങളുടെ ദുഃഖങ്ങളിൽ പങ്കുകൊള്ളുന്ന ആളാണ്. നിങ്ങളുടെ സന്തോഷങ്ങളിൽ പങ്കുകൊള്ളുന്ന ആളാണ്.' *(അൽഫദ്ൽ ദിനപത്രം 21-05-1978)*

ജമാഅത്തിനോടു തനിക്കുള്ള സ്നേഹം വിവരിച്ചുകൊണ്ട് ഖലീഫത്തുൽമസീഹ് ഥാലിഥ് [റഹ്] പറയുന്നു: 'ഇതിനു പുറമെ സ്നേഹിതന്മാർ വ്യക്തിപരമായി അക്കാലത്തു അനുഭവിച്ച ആ കാഠിന്യങ്ങളെല്ലാം എന്റെ നെഞ്ചിൽ ഒരുമിച്ചുകുടി കട്ടപിടിച്ചിരുന്നു. ആ നാളുകളിൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുംകൊണ്ട് രാത്രി മുഴുവൻ ഒരു മിനിറ്റുപോലും ഉറങ്ങാതെ സ്നേഹിതന്മാർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്ന രാത്രികളും ഉണ്ടായിട്ടുണ്ട്. സഹോദരന്മാരോടു എന്റെ ആരോഗ്യത്തിനുവേണ്ടി പ്രാർഥിക്കാൻ ഞാൻ അപേക്ഷിക്കുകയാണ്. അല്ലാഹു ഈ സാധുവിന്റെ ചുമലിൽ ഇട്ടിട്ടുള്ള ഉത്തരവാദിത്തങ്ങൾ അവന്റെ അനുഗ്രഹംകൊണ്ട് നല്ല നിലയിൽ നറവേറ്റുന്നതിന് സൗഭാഗ്യം കിട്ടാൻ പ്രാർഥിക്കുക; നമുക്കൊരുമിച്ച് ആ ചുമതലകൾ നിറവേറ്റാൻ കഴിയുമാറാകുന്നതിനുവേണ്ടി പ്രാർഥിക്കുക. കാരണം എന്റെ നോട്ടത്തിൽ എന്റേയും ജമാഅത്തംഗങ്ങളുടേയും അസ്തിത്വങ്ങൾ തമ്മിൽ ഒരു വിവേചനവുമില്ല, ഒരുവ്യത്യാസവുമില്ല. നമ്മൾ ഇരുവരും 'ജമാഅത്തിന്റെ ഇമാമും ജമാഅത്തും' ഒരേയൊരു അസ്തിത്വത്തിന്റെ രണ്ടു പേരുകളാണ്. ഒരേയൊരു വസ്തുവിന്റെ രണ്ടു വ്യത്യസ്ത കോണുകളാണ്. വാഗ്ദത്ത മഹ്ദി മുഖേന ഹദ്റത്ത് മുഹമ്മദു മുസ്തഫാ[സ]യുടെ ദീൻ വിജയിക്കുമെന്നുള്ള സുവിശേഷങ്ങളുടെ മിന്നലാട്ടം നമ്മുടെ ജീവിതത്തിൽ നമുക്ക് കാണാൻ അല്ലാഹു സൗഭാഗ്യം നല്കി അനുഗ്രഹിക്കുമാറാകട്ടെ.' *(അൽഫ്ദൽ ദിനപത്രം 1976 ഏപ്രിൽ 17)*

## ✧ അഹ്മദീ വിദ്യാർഥികൾ ശ്രദ്ധിക്കുക ✧

ഖാദിയാൻ ജാമിഅ അഹ്മദിയ്യ ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്ഥാപിച്ച ഒരു അനുഗൃഹീത സ്ഥാപനമാണ്. ഇവിടെനിന്ന് ഇതുവരെ നൂറുക്കണക്കിന് ഉലമാഅ്, മുബല്ലിഗുമാർ പഠിച്ചിറങ്ങി യഥാർഥ ഇസ്ലാമികാധ്യാപനങ്ങൾ ലോകത്തിന്റെ അറ്റങ്ങളോളമെത്തിക്കുക എന്ന നിർബന്ധ കടമ നിറവേറ്റി വരുന്നു. സയ്യിദുനാ അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പരിശുദ്ധ സ്ഥാപനത്തിൽനിന്ന് വിദ്യഭ്യാസം കരസ്ഥമാക്കി ജമാഅത്തിന് സേവനം ചെയ്യാൻ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അതുകൊണ്ട് സയ്യിദുനാ അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസിന്റെ നിർദേശത്തിന്റെ വെളിച്ചത്തിൽ വഖ്ഫെ നൗഇൽപ്പെട്ടവരും അല്ലാത്തവരുമായ വിദ്യാർഥികൾ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടി മതപരമായ വിദ്യഭ്യാസം കരസ്ഥമാക്കി ജമാഅത്തിനു സേവനം ചെയ്യാൻ തങ്ങളെ സമർപിക്കേണ്ടതാണ്.

ജാമിഅയിലെ വിദ്യഭ്യാസവർഷം 2022-2023 ലേക്കുള്ള പ്രവേശന നടപടികൾ 2022 ഏപ്രിൽ മുതൽ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടാനാഗ്രഹിക്കുന്ന കുട്ടികളുടെ പ്രവേശന നടപടികൾ ഓൺലൈനിലാണ് നടക്കുന്നത്. അതുകൊണ്ട് ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടാനാഗ്രഹിക്കുന്ന കുട്ടികൾ ശുഅ്ബയെ വഖ്ഫെ നൗ(നള്വാറത്ത് തഅ്ലീം)മായി ബന്ധപ്പെടുക. എത്രയും വേഗം പ്രവേശനഫോറം പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരതി(നള്വാറത്ത് തഅ്ലീം)ലേക്ക് മെയിൽ മുഖേനയോ പോസ്റ്റുമാർഗമോ അയക്കുക. പ്രവേശനനിബന്ധനകൾക്കുവേണ്ടി ശുഅ്ബയെ വഖ്ഫെ നൗ(നള്വാറത്ത് തഅ്ലീം)മായി ബന്ധപ്പെടുക.

**(സ്വദ്ർ നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)**

പേജ് 5 ൽ നിന്ന്

കാരണം അല്ലാഹു സന്മാർഗം നല്കാത്തവൻ വഴികേടിലാകുന്നു. അവൻ സംരക്ഷണം നൽകാത്തവൻ പരീക്ഷണങ്ങളിൽ അകപ്പെടുന്നതാണ്. അവൻ സഹായിക്കാത്തവർക്ക് സഹായിയായി ആരുമില്ല. അല്ലാഹു സന്മാർഗം നൽകിയവർ മാത്രമാണ് സന്മാർഗത്തിലുള്ളവർ. അവൻ ദുർമാർഗത്തിൽ, എന്ന് വിധിച്ചവൻ ദുർമാർഗത്തിലാകുന്നു. അല്ലാഹു പറയുന്നു: ***മൻയ്യഹ്ദില്ലാഹു ഫഹുവൽമുഹത്തദി വമൻയ്യുളിലിൽ ഫലൻതജിദ ലഹൂ വലിയ്യൻമ്മുർശിദാ*** അല്ലാഹു ആരെ നേർമാർഗത്തിൽ നയിക്കുന്നുവോ അവനത്രെ നേർമാർഗം പ്രാപിച്ചവൻ. എന്നാൽ, അവൻ ആരെയെങ്കിലും വഴികേടിൽവിടുന്നതായാൽ അവന് മാർഗദർശിയായി ഒരു സഹായകനേയും നീ കണ്ടെത്തുകയില്ല.(18:18) അല്ലാഹു സന്മാർഗത്തിൽ ആക്കിയവൻ തന്നെയാണ് സന്മാർഗം പ്രാപിക്കുന്നവൻ. അവൻ ദുർമാർഗത്തിലെന്നു വിധിച്ചവനെ സന്മാർഗത്തിലാക്കുന്ന ഒരു സുഹൃത്തും ഉണ്ടായിരിക്കുന്നതുമല്ല. അവൻ ഈ ലോകത്തു ചെയ്ത ഒരു കർമവും ആ ദിവസം സ്വീകരിക്കപ്പെടുന്നതല്ല. ആ മഹാത്മാവ് തുടർന്നെഴുതുന്നു: അവന് ലോകത്തെന്താണ് പറ്റിയത്. ദീനുൽ ഇസ്‌ലാം സ്വീകരിക്കാത്തിടത്തോളം അവന്റെ ഒരു കർമവും സ്വീകരിക്കപ്പെടുന്നതല്ല. അന്ത്യനാളിൽ അവനിൽനിന്ന് എന്തെങ്കിലും ഈടോ കർമഫലമോ സ്വീകരിക്കപ്പെടുന്നതുമല്ല. നിങ്ങളിൽ ചിലർ ഇസ്‌ലാം സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതിനുശേഷം അല്ലാഹുവിനെ വഞ്ചിച്ചുകൊണ്ട്, അവന്റെ കാര്യത്തിൽ വിവരക്കേടു കാണിച്ച് കൊണ്ട്, ശയ്ത്വാന്റെ കാര്യങ്ങളെ അംഗീകരിക്കുകയും ദീനിൽനിന്ന് പുറത്തുപോവുകയും ചെയ്തതായി എനിക്കറിയാൻ കഴിഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു: ***വഇദ് ഖുൽനാ ലിൽമലാഇക്കത്തിസ്ജുദൂ ലിആദമ ഫസജദൂ ഇല്ലാ ഇബ്‌ലീസാ കാന മിനൽ ജിന്നി ഫഫസഖ അൻ അംരി റബ്ബിഹീ അഫതത്തഖിദൂനഹൂ വ ദുർരിയ്യത്തഹൂ ഒലിയാഅ മിൻദൂനീ വഹും ലക്കും അദ്ഉൻ ബിഅ്സ ലിള്ളാലിമീന ബദലാ***(18:51) മലക്കുകളോടു നാം പറഞ്ഞ സന്ദർഭം (ഓർക്കുക). 'നിങ്ങൾ ആദമിന് കീഴ്പ്പെടുക. അപ്പോൾ എല്ലാവരും കീഴ്പ്പെട്ടു, ഇബ്‌ലീസൊഴികെ. അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു. അങ്ങനെ അവൻ തന്റെ നാഥന്റെ കൽപനയെ ധിക്കരിച്ചു. അപ്പോൾ അവനെയും അവന്റെ സന്തതികളെയും അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കെ എന്നെവിട്ട് നിങ്ങൾ രക്ഷാധികാരികളാക്കി വെക്കുകയാണോ? അക്രമികൾക്ക് ലഭിക്കുന്ന പ്രതിഫലം എത്രയും ചീത്തതന്നെ!

വീണ്ടും പറഞ്ഞു: ***ഇന്നശ്ശയ്ത്വാന ലക്കും അദുവ്വുൻ ഫത്തഖിദൂഹു അദുവ്വാ, ഇന്നമാ യദ്ഊ ഹിസ്ബഹൂ ലിയകൂനൂ മിൻ അസ്ഹാബിസ്സയീർ*** (35:7) തീർച്ചയായും പിശാച് നിങ്ങൾക്കൊരു ശത്രുവാണ്. അതിനാൽ നിങ്ങളവനെയൊരു ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ കൂട്ടുകാരെ ക്ഷണിക്കുന്നത് അവർ ജ്വലിക്കുന്ന അഗ്നിയുടെ അവകാശികാശികളിൽപെട്ടവരായിത്തീരാൻ വേണ്ടി മാത്രമാണ്.

പിന്നീട് ഈ കത്തിനെ പരാമർശിച്ചുകൊണ്ട് അവിടന്ന്(അ) പറയുന്നു: ഞാൻ സൽകർമങ്ങൾ പിന്തുടരുന്ന മുഹാജിരീൻ അൻസ്വാറിന്റേയും സൽകർമങ്ങൾ പിന്തുടരുന്ന താബിഈങ്ങളുടേയും സൈന്യത്തിൽ ഇന്ന വ്യക്തിയെ നിയോഗിച്ചുകൊണ്ട് നിങ്ങളിലേക്ക് അയച്ചിരിക്കുന്നു. ഞാൻ അദ്ദേഹത്തിന് ഇങ്ങനെ കൽപ്പനയും നൽകിയിട്ടുണ്ട്. അല്ലാഹുവിന്റെ സന്ദേശത്തിലേക്ക് വിളിക്കുന്നതിന് മുമ്പേ ആരുമായും യുദ്ധം ചെയ്യുകയോ ആരെയും വധിക്കുകയും ചെയ്യരുത്.

പിന്നെ ഈ സന്ദേശം സ്വീകരിക്കുകയും അംഗീകരിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുകയാണെങ്കിൽ അയാളെ സ്വീകരിക്കുക. അക്കാര്യത്തിൽ അയാളെ സഹായിക്കുകയും ചെയ്യുക. നിഷേധിക്കുന്നവരെ സംബന്ധിച്ച് ഞാൻ അദ്ദേഹത്തിന് നൽകിയ കൽപന ഇപ്രകാരമാകുന്നു. ഈ കാര്യങ്ങളിൽ അയാളുമായി യുദ്ധം ചെയ്യുക. പിടികൂടുന്ന ഒരുത്തനെയും ബാക്കിയാക്കരുത്; അയാളെ തീയിലിടേണ്ടവന്നാലും ശരി. ഏതു നിലയ്ക്കും അയാളെ വധിക്കണം. സ്ത്രീകളെയും കുട്ടികളെയും ബന്ദികളാക്കുക. ഇസ്‌ലാമിൽ കുറഞ്ഞ ഒന്നും അവരിൽനിന്ന് സ്വീകരിക്കേണ്ടതില്ല. ഇത് അനുസരിക്കുകയാണെങ്കിൽ അയാൾക്കു നല്ലത്. എന്നാൽ, നിഷേധിക്കുകയാണെങ്കിൽ അല്ലാഹുവിനെ നിന്ദ്യനാക്കാൻ സാധ്യമല്ല. ഞാൻ എന്റെ സന്ദേശവാഹകന് കല്പന നൽകിയത് എന്തെന്നാൽ, അദ്ദേഹം എന്റെ ഈ കത്ത് നിങ്ങളുടെ എല്ലാ കൂട്ടങ്ങൾക്കിടയിലും കേൾപ്പിക്കേണ്ടതാണ്. ബാങ്കുവിളി തന്നെയാണ് ഇസ്‌ലാമിനെ കുറിച്ചുള്ള വിളംബരം. മുസ്‌ലിമീങ്ങൾ ബാങ്കുവിളക്കുമ്പോൾ അവരും ബാങ്കു വിളിക്കേണ്ടതാണ്. അവർക്കെതിരിലുള്ള ആക്രമണം നിറുത്തുന്നതാണ്. അവർ തിരിച്ചു ബാങ്കു വിളിക്കുന്നില്ലെങ്കിൽ അവർക്കുമേൽ എത്രയുംവേഗം ആക്രമണം നടത്തുക. അവർ ബാങ്കു വിളിക്കുകയാണെങ്കിൽ അവർക്കുമേലുള്ള ഉത്തരവാദിത്വങ്ങൾ അവരോടു ആവശ്യപ്പെടുക. അവർ നിഷേധിക്കുകയാണെങ്കിൽ എത്രയുംവേഗം അവർക്കുമേൽ ആക്രമണം നടത്തുക. അവർ അംഗീകരിക്കുകയാണെങ്കിൽ അവരെ സ്വീകരിക്കുകയും ചെയ്യുക. *(സിർറുൽഖിലാഫ, ഉർദു തർജമ അറബി യിബാറത്ത്, പ്രസാധകർ നള്ളാറത്ത് ഇശാഅത്ത്, പേജ് 190-194, അടിക്കുറിപ്പ്)*

അവരോടു എന്തിനാണ് യുദ്ധം ചെയ്തതെന്നും എല്ലാവരോടും എന്തിനാണ് ഈ നിലപാട് സ്വീകരിച്ചതെന്നും എന്നതിന്റെ വിശദീകരണമാണിത്. കാരണം അവർ യുദ്ധം ചെയ്യുകയും മുസ്‌ലിമീങ്ങൾക്കുമേൽ യുദ്ധം അടിച്ചേൽപിച്ചവരുമായിരുന്നു. അവർ യുദ്ധം മാത്രമല്ല അക്രമവും ചെയ്തിരുന്നു. അതായത് ഈ പ്രദേശങ്ങളിൽ വസിച്ചിരുന്ന നിസ്സഹായരായ മുസ്‌ലിമീങ്ങൾക്കുമേൽ ആക്രമണം നടത്തിയിരുന്നു.

രണ്ടാമത്തെ കത്ത് ഹദ്റത്ത് അബൂബക്ർ സൈനിക നേതാക്കന്മാർക്കാണ് അയച്ചത്. അവർ പതിനൊന്നു പേരായിരുന്നു. അവരെ സംബന്ധിച്ചു പറഞ്ഞു കഴിഞ്ഞതാണ്. സൈനിക നേതാക്കന്മാരുടെ പേരിൽ എഴുതിയ കത്ത് ഇപ്രകാരമായിരുന്നു.

***ബിസ്മില്ലാഹിർറഹ്മാനിർറഹീം.*** ഖലീഫത്തുർറസൂൽ അബൂബക്ർ, മുർത്തദ്ദീങ്ങളുമായി പൊരുതാൻ പുറപ്പെട്ട ഇന്ന മുസ്‌ലിം സൈന്യാധിപനു അയക്കുന്ന കത്ത്. അതായത് അതിനുമേൽ അമീറിന്റെ പേര് എഴുതിയിരുന്നു. അതിൽ അദ്ദേഹം അമീറിനോട് ആവർത്തിച്ചു കൽപന നൽകിയത് എന്തെന്നാൽ അവർ എല്ലാ കാര്യത്തിലും അകത്തും പുറത്തും അല്ലാഹുവിനോടുള്ള തഖ്‌വാ അവലംബിക്കേണ്ടതാണ്. അയാൾക്കു കഴിവുള്ളിടത്തോളം അല്ലാഹുവിന്റെ എല്ലാ കാര്യത്തിലും പരിശ്രമിക്കുകയും അല്ലാഹുവിൽനിന്ന് പുറന്തിരിയുകയും ഇസ്‌ലാമിലേക്കു തിരിഞ്ഞ് ശയ്ത്വാനിന്റെ ആഗ്രഹങ്ങളെ സ്വീകരിക്കുകയും ചെയ്തവർക്കെതിരിൽ ജിഹാദു ചെയ്യേണ്ടതാണ്. ആദ്യം അവരെ ഇസ്‌ലാമിലേക് ക്ഷണിച്ചുകൊണ്ടു ന്യായപൂർത്തിവരുത്തുക. അവർ അതു സ്വീകരിക്കുകയാണെങ്കിൽ അവരോടുള്ള യുദ്ധത്തിൽനിന്ന് പിന്മാറുക. അവർ സ്വീകരിക്കുന്നില്ലെങ്കിൽ അവർ പിന്തിരിയുന്നതു വരെയും അവരോടു ഉടൻതന്നെ യുദ്ധം ചെയ്യുക. അവരുടെ അവകാശങ്ങളെയും കർത്തവ്യങ്ങളെയും കുറിച്ചു പറഞ്ഞു കൊടുക്കുക. അവർക്ക് നിർബന്ധമാക്കപ്പെട്ടത് അവരിൽ നിന്നു പിരിക്കുക. അവരുടെ അവകാശങ്ങൾ അവർക്കു കൊടുക്കുകയും ചെയ്യുക. അവർക്കു സാവകാശം കൊടുക്കേണ്ടതില്ല. അതായത്, യുദ്ധം ചെയ്യാൻ തയ്യാറായി മുസ്‌ലിമീങ്ങളെ ആക്രമിക്കുന്നതിനുള്ള സാവകാശം! അഥവാ മുസ്‌ലിമീങ്ങളെ അവരുടെ ശത്രുക്കളുമായി യുദ്ധം ചെയ്യുന്നതിൽനിന്ന് തടയരുത്. അവർ പിന്മാറുന്നവരല്ലെന്ന് മുസ്‌ലിമീങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ, അവർ യുദ്ധം ചെയ്യാൻ ആഗ്രഹിക്കുകയാണെങ്കിൽ യുദ്ധം കൊണ്ടു അവരെ തടയുക. ഇത് അവിടെയുള്ള ആളുകൾക്കാണ് കൂടുതൽ അറിയുക. ആ നേതാക്കന്മാർക്ക് നൽകിയ കൽപനയായിരുന്നു ഇത്. അല്ലാഹുവിന്റെ കല്പന സ്വീകരിക്കുകയും അവനെ അനുസരിക്കുകയുമാണെങ്കിൽ അവന്റെ ആ കാര്യത്തെ അംഗീകരിക്കുക. ഏറ്റവും നല്ല രീതിയിൽ അവരെ സഹായിക്കുക. അല്ലാഹുവിൽനിന്ന് വന്നതിനെ അംഗീകരിച്ചതിനു ശേഷം പിന്നീട് അതിനെ നിഷേധിച്ചവരോടു മാത്രമേ യുദ്ധം ചെയ്യുകയുള്ളൂ. അവർ ക്ഷണം സ്വീകരിക്കുകയാണെങ്കിൽ അവർക്കു മേൽ ഒരു ആരോപണവും ഉണ്ടായിരിക്കുന്നതല്ല. അവർ മറച്ചുവെച്ചതിനെ സംബന്ധിച്ചും അല്ലാഹു അവരോടു കണക്കു ചോദിക്കുന്നതാണ്. അല്ലാഹുവിന്റെ സന്ദേശം സ്വീകരിക്കാത്തവനോട് യുദ്ധം ചെയ്യുന്നതും അവനെ വധിക്കുന്നതുമാണ്. അവൻ എവിടെയായിരുന്നാലും എത്ര വലിയ സമ്പന്നനാ യിരുന്നാലും അവനെ വധിക്കുന്നതായിരിക്കും. അവരിൽനിന്ന് ഇസ്‌ലാമല്ലാതെഒരുകാര്യവുംസ്വീകരിക്കപ്പെടുന്നതല്ല.

ഇസ്‌ലാം സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ അത് അവനിൽനിന്ന് സ്വീകരിക്കുക. അവനെ ഇസ്‌ലാമികാധ്യാപനങ്ങൾ പഠിപ്പിക്കുക; ആരാണോ നിഷേധിച്ചത് അതായത് മുസ്‌ലിമായതിനുശേഷം മുർത്തദ്ദാകുകയും പിന്നീട് യുദ്ധം ചെയ്തുകൊണ്ടിരിക്കുകയും ഇസ്‌ലാമിക അധ്യാപനങ്ങൾക്കെതിരെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത് അ

വർക്ക് ഇസ്‌ലാം എന്താണെന്നും അതിന്റെ യാഥാർഥ്യമെന്താണെന്നും പറഞ്ഞു കൊടുക്കുക. നിങ്ങൾ മുസ്‌ലിമീങ്ങളാണെന്ന് വാദിക്കുന്നുവെങ്കിൽ, ഭരണകൂടത്തിന്നെതിരിൽ യുദ്ധം ചെയ്യാൻ പാടുള്ളതല്ല. നിഷേധിക്കുന്നവർക്കെതിരിൽ യുദ്ധം ചെയ്യുക. അല്ലാഹു അവർക്കുമേൽ വിജയം നല്കിയാൽ അതിദാരുണമായി ആയുധം കൊണ്ടും തീകൊണ്ടും അവരെ വധിക്കുന്നതായിരിക്കും. പിന്നെ അല്ലാഹു അവരുടെ സമ്പത്ത് നൽകുമ്പോൾ അഞ്ചിലൊരു ഭാഗം ഒഴികെ വിതരണം ചെയ്യുക. അതു നമുക്ക് എത്തിക്കേണ്ടതാണ്. പിന്നെ സൈന്യാധിപന്മാർ തങ്ങളുടെ കൂട്ടാളികളെ മറ്റു കുഴപ്പങ്ങളിൽനിന്ന് തടയേണ്ടതാണ്. അവർക്കു എത്രമാത്രം കഴിവുണ്ടെന്ന് പുറത്തറിയാതിരിക്കാൻ അന്യരായ ആരെയും അകത്തേക്കു കടത്തി വിടരുത്. (അതായത് ചാരനായി വരുന്ന ആളുകളെ അകത്തേക്കു കടത്തരുത്). നല്ലപോലെ പരിശോധിച്ചതിനുശേഷം തീരുമാനം എടുക്കേണ്ടതാണ്. ചാരനായി വരുന്നവർ മുഖേന മുസ്‌ലിമീങ്ങൾക്ക് മുസീബത്ത് വരാൻ സാധ്യതയുണ്ട്. യാത്രയിലാണെങ്കിലും താമസിക്കുമ്പോഴാണെങ്കിലും മുസ്‌ലിമീങ്ങളോട് അലിവും മധ്യമനിലയും അവലംബിക്കുകയും അവരുടെ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. സൈന്യത്തിന്റെ ഒരു ഭാഗത്തെ മറ്റൊരു ഭാഗവുമായി ചേർക്കുന്നതിൽ ധിറുതി കാണിക്കാൻ കൽപ്പിക്കരുത്. മുസ്‌ലിമീങ്ങളുമായി നല്ല രീതിയിൽ പെരുമാറുക. സംസാരത്തിൽ സൗമ്യവും പ്രസന്നവുമായ നിലപാട് സ്വീകരിക്കുകയും ചെയ്യുക. *(താരീഖ് അത്ത്വബരി, വാല്യം 2, പേജ് 258-259, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2012)*

ഇനി ചില കാര്യങ്ങളുണ്ട്. അവ വിശദീകരിക്കേണ്ടതുണ്ട്. പക്ഷേ, വിശദീകരിക്കപ്പെട്ടിട്ടില്ല, ചില സമയത്ത് ഇസ്‌ലാമിന്റെ തെറ്റായ സ്വാധീനവുമുണ്ടാകാനിടയുണ്ട്. അതെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതാണ്. അതായത്, എല്ലാ മുർത്തദ്ദീങ്ങളും യുദ്ധവൈദഗ്ധ്യമുള്ളവരായിരുന്നു. അവർ യുദ്ധം ചെയ്യുക മാത്രമല്ല ചെയ്തത്. പ്രത്യുത അവരുടെ പ്രദേശത്തുള്ള മുസ്‌ലിമീങ്ങളെ ദ്രോഹിക്കുകയും ചെയ്തിരുന്നു. അവരെ മർദിക്കുകയും അഗ്നിക്കിരയാക്കുകയും അവരുടെ വീടുകൾ കത്തിക്കുകയും ചെയ്തു. അവർക്കെതിരിൽ ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു: 'തീർച്ചയായും പകരം ചോദിക്കേണ്ടതാണ്.' ഹദ്റത്ത് മസീഹ് മൗഊദ്[അ] ഉദ്ധരിച്ചതുപോലെ അതെവിധത്തിൽത്തന്നെ അവർക്കുശിക്ഷ കൊടുക്കാൻ പറഞ്ഞു. കാരണം വിശുദ്ധ ഖുർആനിന്റേയും അല്ലാഹുവിന്റേയും കല്പനയും അതെപോലെതന്നെ ശിക്ഷ നൽകാനും പകരം ചോദിക്കാനുമാണുള്ളത്. എന്നാൽ, ഇതിന്റെ വിശദീകരണം ഒരിടത്ത് ഇതേ എഴുത്തുകാരൻ ഡോക്ടർ അലി മുഹമ്മദ് സ്വലാബിയും മുർത്തദ്ദീങ്ങളെയും കലാപകാരികളെയും അഗ്നിക്കിരയാക്കണമെന്ന് എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതിയിരിക്കുന്നു, ആരെയും തീകൊണ്ട് ശിക്ഷിക്കുന്നത് അനുവദനീയമല്ല. നബി[സ]തിരുമേനി പറയുന്നു: ***ഇന്നന്നാറ ലാ യുഅദ്ദിബു ബിഹാ ഇല്ലല്ലാഹു*** തീകൊണ്ട് ശിക്ഷ നല്കുക എന്നത് അനുവദനീയമല്ല. തീ മുഖേന ശിക്ഷിക്കുക എന്നത് അല്ലാഹുവിന്റെ മാത്രം പ്രവൃത്തിയാകുന്നു. എന്നാൽ, ഇവിടെ കത്തിക്കുന്നതിനുള്ള കൽപന നൽകാൻ കാരണമെന്തെന്നാൽ ആ ദ്രോഹികൾ വിശ്വാസികളോട് ചെയ്തത് അങ്ങനെ തന്നെയായിരുന്നു. അതുകൊണ്ട് പ്രതിക്രിയ എന്ന നിലയ്ക്കാണ് അതു ചെയ്തത്. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ശഖ്സിയ്യത്ത് ഔർ കാർണാമെ, ഉർദു തർജമ, പേജ് 293, മക്തബത്തുൽ ഫുർഖാൻ, മുളഫ്ഫർഗഢ്, പാക്കിസ്താൻ)*

ഇതേ ഗ്രന്ഥത്തിൽ ഹദ്റത്ത് അബൂബക്റിന്റെ ഈ കത്തിനെ പരാമർശിച്ച് കൊണ്ടെഴുതുന്നു: മുസ്‌ലിമീങ്ങളിലേക്ക് മടങ്ങിവരാൻ എതിർപ്പു പ്രകടിപ്പിക്കുകയും മത നിരാസത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തവരെ ആക്രമിക്കുകയും വധിക്കുകയും അഗ്നിക്കിരയാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമായിരുന്നു. അല്ലാഹു വിശുദ്ധ ഖുർആനിലും അതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. നിങ്ങളെ പ്രയാസത്തിലാക്കുന്നവർക്കെതിരിൽ അവർ നിങ്ങളോടു ചെയ്തതു പോലെതന്നെ നിങ്ങളും അവർക്ക് ശിക്ഷ നൽകുക. ഞാൻ കഴിഞ്ഞ ഖുത്ബയിലും പറഞ്ഞിരുന്നു, ഇപ്പോഴും പറഞ്ഞിരുന്നു, കലാപകാരികൾ മുസ്‌ലിമീങ്ങളെ കത്തിക്കുകയും ഭയാനകമായരീതിയിൽ വധിക്കുകയും ചെയ്തതിനാൽ കുറ്റവാളികളായിരുന്നു. അവരെയും അവരുടെ വീടുകളെയും അവരുടെ സ്ത്രീകളെയും കുട്ടികളെയും കത്തിക്കുകയും മൃതദേഹങ്ങൾ വികൃതമാക്കുകയും ചെയ്തു. അതുകൊണ്ട് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ] അതിൽ ഭാഗഭാക്കായവരെ അതെ രീതിയിൽ വധിക്കാനും മുസ്‌ലിമീങ്ങളോടു കാണിച്ച അതെ രീതിയിൽ അവരോട് പെരുമാറാനും കൽപിച്ചു.

ഈ അനുസ്മരണം ഇനിയും ഇൻശാ അല്ലാഹ് തുടരുന്നതാണ്. റമളാനിൽ ഇടക്കു മറ്റു ഖുത്ബകളും വന്നേക്കാം. സമയമെടുക്കുന്നതാണ്. ഇനി വരുന്ന ഖുത്ബകളിലും ഇത് സംബന്ധിച്ചുള്ള അനുസ്മരണം ഉണ്ടായിരിക്കുന്നതാണ്.

പേജ് 6 ൽ നിന്ന്

നിങ്ങളുടെ ഖലീഫയുടെ വാക്കുകൾ വിജ്ഞാനഭരിതവും യുക്തിപൂർണവുമായിരുന്നു.-

✧ ഒരു രാഷ്ട്രീയ പ്രതിനിധി എൽ വിറ മിഹിം സാഹിബ പറയുന്നു:

ഈ പ്രോഗ്രാം സമ്പൂർണമായും എനിക്ക് വളരെ ഇഷ്ടമായി. നിങ്ങളുടെ ഖലീഫ ജാലവിദ്യയിൽ ആധിപത്യമുള്ള വ്യക്തിത്വമാണ്. അവയിലേക്ക് ദൃഷ്ടി പായിക്കുമ്പോൾ സവിശേഷമായൊരു മഹനീയതയുടെ വികാരങ്ങൾ ജന്യമാകുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന് അനുരൂപമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വവും

✧ തോമൈൻ സാഹിബ പറയുന്നു:

ആത്മീയ സ്വാധീനം ജനിപ്പിക്കുന്ന വ്യക്തിത്വമാണ് ഖലീഫയുടേത്. പ്രോഗ്രാമാസകലം ഈ സാധീനം ഏറെക്കുറേ എന്നിൽ ആധിപത്യം പുലർത്തി. ഹുസൂറിന്റെ സാന്നിദ്ധ്യം വളരെ സുഖദായകമായ ഒരു തോന്നൽ എന്നിൽ ജനിപ്പിച്ചു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണവും സാമൂഹികമായ വിലയിരുത്തലും നവീന കാലഘട്ടത്തിൽ മാനുഷിക മൂല്യങ്ങളുടെ പ്രാധാന്യത്തെ സുവ്യക്തമാക്കലുമായിരുന്നു. വിശിഷ്യ ഇതര വ്യക്തികളുടെ പ്രസംഗങ്ങളേയും അദ്ദേഹം പരാമർശിച്ചു. അവർ വ്യക്തമാക്കിയ കാര്യങ്ങളുടെ പ്രാധാന്യവും സ്വന്തം പ്രഭാഷണത്തിന്റെ ഭാഗമാക്കി.

✧ ഡാനീല ഓട്ടേറീൻ (Daneela Otterein)സാഹിബ പറയുന്നു:ഹുദൂറിനെ എനിക്ക് വളരെയധികം ഇഷ്ടമായി. അദ്ദേഹം എത്ര മഹനീയനായ വ്യക്തിയാണെന്ന് വാക്കുകളിൽ വിവരിക്കാൻ ഞാൻ അശക്തയാണ്. പ്രകാശം തന്നെനിർഗളിച്ചു കൊണ്ടിരിക്കുന്ന വ്യക്തിത്വമാണ് അദ്ദേഹം. ഇതിന്നു മുമ്പേ എനിക്ക് ഇസ്‌ലാമിനെ കുറിച്ച് ഒന്നും അറിയില്ലായിരുന്നു. വളരെ ആകർഷിച്ച അദ്ദേഹത്തിന്റ വ്യക്തിത്വം ഇസ്‌ലാമിനെ കുറിച്ചുള്ള എന്റെ പ്രഥമ പരിചയമായിരുന്നു.

✧ അധ്യാപകനായ ഒരതിഥി പറയുന്നു: ഇസ്‌ലാമിന് തികച്ചും ഇത്തരത്തിലുള്ള നേതാക്കളുടെ ആവശ്യമുണ്ട്. അതുമുഖേന മതങ്ങൾക്കിടയിലുള്ള എല്ലാ ഏറ്റുമുട്ടലുകളും അവസാനിക്കും. നിങ്ങളുടെ ഖലീഫ കേവലം ലീഡർ മാത്രമല്ല, വളരെയധികം വിജ്ഞാനിയാണെന്നും മനസ്സിലാകുന്നു. ഇന്റർനെറ്റിൽനിന്നു അദ്ദേഹത്തെ കുറിച്ചുള്ള വിവരങ്ങൾ ഞാൻ ശേഖരിച്ചിരുന്നു. അദ്ദേഹം വളരെ നല്ലൊരു പ്രഭാഷകനുമാണ്.

✧ ഒലിവർ വെയ്സൻ ബെർഗർ(Oliver Weissen berger) സാഹിബ് പറയുന്നു:ഞാൻ വളരെയധികം ആകൃഷ്ടനാണ്. നമുക്കുള്ള ആതിഥേയത്വം വളരെ നല്ല രീതിയിൽ നിർവഹിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെയധികം സ്വാധീനം ജനിപ്പിക്കുന്ന വ്യക്തിത്വമാണ്. ഇന്നിവിടെ ഹാജരാകാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. സ്തുത്യർഹമായ സമാധാന സന്ദേശമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം നല്കിയത്. ഈ സമയത്ത് ലോകത്തിന് ഇതിന്റെ ശക്തിമത്തായ ആവശ്യമുണ്ട്. ഇതര മതങ്ങളുമായി ഇസ്‌ലാം സഹവർത്തിത്വം പുലർത്താറില്ലെന്നാണ് മുമ്പേ എനിക്ക് തോന്നിയിരുന്നത്. എന്നാൽ ഖലീഫ ഇതിനെ പൂർണ്ണമായും തള്ളിക്കളഞ്ഞു. തെളിവോടു കൂടിയാണ് തന്റെ വീക്ഷണം അദ്ദേഹം സമർപ്പിച്ചത്.

### 2019 ഒക്ടോബർ 21 തിങ്കളാഴ്ച

രാവിലെ 7 മണിക്ക് ഹുദൂർ അയ്യദഹുല്ലാഹ് ബയ്ത്തുസ്സുബൂഹിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് രാവിലെ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ വ്യാപൃതനായി. ഓഫീസ് സംബന്ധമായ കത്തുകളും മറ്റു കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ച ഹുദൂർ ആവശ്യമായ മാർഗനിർദേശങ്ങൾ നല്കി.

ഫ്രാങ്ക്ഫർട്ടിൽനിന്നു ബെർലിനിലേക്ക് പോകുന്ന ദിവസമായിരുന്നു ഇന്ന്. രാവിലെ 11.30 ന് താമസസ്ഥലത്തുനിന്നു ഹുദൂർ പുറത്തുവന്നു. കുറച്ചു സമയത്തേക്ക് മസ്ജിദ് ഹാളിൽപോയ ഹുദൂർ അവിടെ നടന്ന വിവിധ ഫോട്ടോ സെഷനിൽ പങ്കെടുത്തു. റബ്വയിലെ തഅ്ലീമുൽ ഇസ്‌ലാം കോളേജിലെ പൂർവവിദ്യാർഥികളുടെ സംഘടനാംഗങ്ങളും ജർമനി അഖ്ബാരെ അഹ്മദിയ്യായുടെ ചരിത്രവിഭാഗം കമ്മിറ്റിയുടെ സംഘാടകരും ഇതിൽ ഹുദൂറിനൊപ്പം ഫോട്ടോ എടുത്തു.

ഹുദൂർ അൻവറിന് യാത്രയയപ്പ് നല്കാൻ സ്ത്രീകളുടേയും പുരുഷന്മാരുടേയും വലിയൊരു കൂട്ടം ബയ്ത്തുസ്സുബൂഹ് പരിസരത്ത് തടിച്ചു കൂ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 19 May 2022 Issue-20

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ടിയിരുന്നു. ഹുദൂർ അൻവർ അവരുടെ ഇടയിലേക്ക് വന്നു. 10 മിനിറ്റോളം അവരോടൊപ്പം നിന്നു. പെൺകുട്ടികൾ സംഘംചേർന്ന് പ്രാർഥനാ ഗാനങ്ങൾ ആലപിച്ചുകൊണ്ട് ഹുദൂറിനെ യാത്ര അയച്ചു. സ്ത്രീകളും ഹുദൂറിനെ കണ്ട് സായൂജ്യമടഞ്ഞു. ഹുദൂർ അൻവർ വിവിധ വ്യക്തികളുമായി കുശലാന്വേഷണവും നടത്തി. ബയ്ത്തുസ്സുബൂഹ് കിച്ചണിൽ സേവനം ചെയ്തു വരുന്ന ഖാലിദ് എന്ന യുവാവിന്റെ കൈവിരലിൽ ഒരു ബാന്റേജ് കെട്ടിയിരുന്നു. കൈയിൽ വേദനയും അനുഭവ പ്പെടുന്നുണ്ടായിരുന്നു. ഹുദൂർ അൻവർ വാത്സ ല്യത്തോടെ അദ്ദേഹത്തിന്റെ കൈ പിടിച്ച് വിവിധ സ്ഥലങ്ങളിൽതൊട്ട് വേദനയുണ്ടോ എന്ന് ചോദിച്ചു. തുടർന്ന് അദ്ദേഹത്തിനുവേണ്ടി ഹോമിയോ മരുന്നും നിർദേശിച്ചു.

11.45-ന് സമൂഹ പ്രാർഥനയ്ക്കു നേതൃത്വം നല്കിയ ഹുദൂർ തുടർന്ന് കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. ഹുദൂറും സംഘവും ബെർലിനിലേക്ക് പുറപ്പെട്ടു. ഫ്രാങ്ക്ഫോർട്ട് ബയ്ത്തു സ്സുബൂഹിൽനിന്നു ബെർ ലിനിലേക്ക് 550 കിലോമീറ്റർ ദൂരമുണ്ട്. 325 കിലോമീറ്റർ യാത്രയ്ക്കുശേഷം 02.30-ന് ഓസ്റ്റർ ഫൽഡ് (Osterfeld) പ്രദേശത്തുസ്ഥിതിചെയ്യുന്ന അമാഡ്യേസ് (Amadeus) ഹോട്ടലിൽ ഹുദൂർ എത്തി. ള്വുഹ്ർ-അസ്വ്ർ നമസ്കരിക്കുന്നതിനും ഉച്ചഭക്ഷണത്തിനുമുള്ള സംവിധാനം ഇവിടെയാണ് ഒരുക്കിയിരുന്നത്.

03.00 മണിക്ക് ള്വുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ഹോട്ടൽ ഹാളിൽ ജംഅ് ജമാഅത്തായി ഹുദൂർ നമ സ്കരിപ്പിച്ചു. നമസ്കാരത്തിനും ഭക്ഷണത്തിനും ശേഷം 04.15-ന് ഹുദൂറും സംഘവും ബെർ ലിനിലേക്ക് യാത്ര തുടർന്നു. ഇവിടെനിന്നു ബെർ ലിനിലേക്ക് 225 കിലോമീറ്റർ ദൂരമുണ്ട്. ഏകദേ ശം രണ്ടര മണിക്കൂർ യാത്രയ്ക്കുശേഷം 6.45-ന് ബെർലിനിലെ ഖദീജ മസ്ജിദിലെത്തി. പ്രിയ ഹുദൂറിനെ വരവേൽക്കാൻ സ്ത്രീകളും പുരുഷ ന്മാരും അടങ്ങിയ വലിയൊരു ജനക്കൂട്ടം മസ്ജിദ് പരിസ്സരത്ത് ഉച്ചയ്ക്കുമുമ്പേ തടിച്ചു കൂടിയിരുന്നു. ***അഹ്ലൻ വ്വ സഹ്ലൻ വ്വ മർഹബാ*** എന്ന സ്വാഗത വാക്കുകൾ അന്തരീക്ഷത്തിൽ മുഖരിതമായി. പെൺകുട്ടികൾ സംഘംചേർന്ന് സ്വാഗത ഗീത വും പ്രാർഥനാ ഗാനവും ആലപിച്ചു. ഹുദൂർ വാഹനത്തിൽനിന്നു പുറത്തു വന്നതും ബെർലിൻ ജമാഅത്ത് സ്വദ്ർ ഹാഫിള്വ് ഉസാമാ അഹ്മദ് സാഹിബും ബെർലിൻ മുബല്ലിഗ് സയീദ് അഹ്മദ് ആരിഫ് സാഹിബും ചേർന്ന് ഹുദൂറിനെ വരവേറ്റു. ഹുദൂർ അൻവർ കൈകളുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് താമ സസ്ഥലത്തേക്ക് മടങ്ങി.

മസ്ജിദ് ഖദീജ ബെർലിൻ പട്ടണത്തിലെ പാങ്കോ (Pankow) പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. ബെർലിൻ പട്ടണത്തിന്റെ ഈ പ്രദേശം കിഴക്കൻ ജർമനിയുടെ ഭാഗമായിരുന്നു. ഈ മസ്ജിദിന്റെ ശിലാസ്ഥാപന കർമം ഹുദൂർ 2007 ജനുവരി 2-ൽ നടത്തിയ ജർമനി സന്ദർശന വേളയിലാണ് നിർവഹിച്ചത്. മസ്ജിദിന്റെ നിർമാണം പൂർത്തി യായതിനെ തുടർന്ന് 2008 ഒക്ടോബർ 17-ന് ജുമുഅ ഖുത്വ്ബ നിർവഹിച്ചുകൊണ്ട് ഉദ്ഘാ ടനം നിർവഹിച്ചു.

****

പേജ് 1 ൽ നിന്ന്

യിട്ടുളളത്. ഇതുകൂടാതെ മറ്റു ഏതു അധ്യാപനത്തി നാണ് ഈ ഭിന്നാഭിപ്രായങ്ങൾ വിപാടനം ചെയ്യാൻ കഴിയുക? ഈ ഗ്രന്ഥം അല്ലാഹുവിൽനിന്നുളളതാ ണെന്ന് ജനങ്ങൾക്കു മനസ്സിലാകുകയാണെങ്കിൽ, അപ്പോൾ അവർ തങ്ങളുടെ ചിന്താഗതികൾ ഉപേ ക്ഷിക്കുന്നതാണ്. ഇതുകൂടാതെ എങ്ങനെയാണ് അവർക്ക് അവരുടെ ചിന്താഗതികൾ ഉപേക്ഷിക്കാൻ കഴിയുക. കാരണം സ്വാഭാവികമായും ഓരോരു ത്തരും മറ്റുളളവരുടെ ചിന്താഗതികളെക്കാൾ കൂടുതൽ സ്വന്തം ചിന്താഗതികൾക്ക് മുൻഗണന നല്കുന്നവരാണ്.

നിങ്ങൾക്ക് മുമ്പേവന്ന പ്രവാചകന്മാർക്കു ശേ ഷം, പ്രവാചകന്മാർ വന്നതിൽ ആക്ഷേപമുണ്ടെന്ന കാര്യവും ഈ ആയത്തിൽ സൂചിപ്പിക്കുന്നുണ്ട്. രണ്ടാ മത്തെ പ്രവാചകൻ വന്നത് നിങ്ങളുടെ കർമങ്ങൾ കാരണത്താലാണ്. നിങ്ങൾ സത്യത്തെ വിട്ടുകൊണ്ട് ഭിന്നിച്ചതെന്തിനാണ്. നിങ്ങൾ ഭിന്നച്ചില്ലായിരുന്നുവെ ങ്കിൽ നിസംശയം നബിയുടെ ആവശ്യമുണ്ടാകുമാ യിരുന്നില്ല. എന്നാൽ, നിങ്ങൾ രോഗമെന്തായാലും വരുത്തിവച്ചു എന്നിട്ട് ഇപ്പോൾ പറയുന്നു, ഭിന്നഭിപ്രാ യങ്ങൾ അകറ്റുന്ന ആരും വരേണ്ട ആവശ്യമില്ലെന്ന്!

ഉപര്യുക്ത വിഷയത്തിൽ ഇങ്ങനെ ചോദ്യമുണ്ടാ കാം, ഹദ്റത്ത് മൂസാ(അ)ന്റെ ശരീഅത്ത് അനുസ രിച്ചുതന്നെ കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ഭിന്നിക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ നബി(സ)തിരുമേനി മുഖേന സമ്പൂർണ ശരീഅത്ത് അല്ലെങ്കിൽ സമ്പൂർണ അധ്യാപനം വരികയില്ലായി രുന്നോ? ഇതിനുളള മറുപടി ഇതാണ്, ഇതൊരു സാങ്കല്പികമായ ചോദ്യമാണ്. വാസ്തവത്തിൽ തടസമുണ്ടാക്കുന്നതിൽനിന്ന് ജനങ്ങൾ പിന്മാറുമാ യിരുന്നില്ല, ഈ അധ്യാപനം വരുന്നതിൽ തടസവു മങ്കുമായിരുന്നില്ല. ഇനി അങ്ങനെ ഉണ്ടാകുമായിരു ന്നുവെന്ന് സങ്കല്പിച്ചാൽത്തന്നെ അല്ലാഹു അതിനു മറുപടി നല്കി: **ലൗ കാന ഫിൽഅർളി മലാഇക്ക ത്തുൻ യ്യംശൂന മുത്വ്മഇന്നീന ലനസ്സൽനാ അലയ്ഹിം മ്മിനസ്സമാഇ മലക്കൻർറസൂലൻ**(17:96) ലോകത്ത് സർവത്ര മലക്കുകളായിരുന്നുവെങ്കിൽ അതായത് എല്ലാ മനുഷ്യരും നല്ലവരായിരുന്നുവെങ്കിൽ നാം അവരിൽ ഓരോരുത്തരുടേയുംമേൽ നമ്മുടെ ഗ്രന്ഥ മിറക്കുമായിരുന്നു. അതായത് ഈ രീതിയിൽ ഒരു നബിയെമാത്രം ജനതയിലേക്ക് അയക്കുമായിരു ന്നില്ല. പ്രത്യുത എല്ലാവരും നബിയാകുമായിരുന്നു. സത്യനിഷേധത്തിന്റേയും അവിശ്വാസത്തിന്റേയും പ്ര ശ്നംതന്നെ ഉദിക്കുമായിരുന്നില്ല. എന്നാൽ, ലോക രെല്ലാവരും നല്ലവരായിട്ടില്ല, നബിമാരുമായിട്ടില്ല. അല്ലാഹു നബിമാരുടെ പരമ്പര നിറുത്തിയതുമില്ല.

**ഹുദൻ വ്വ റഹ്മത്തൻ ല്ലിഖൗമിൻ യ്യുഅ്മിനൂൻ** എന്നതിൽ വിഷയത്തിന്റെ രണ്ടാമത്തെ വശമെടു ത്തിരിക്കുകയാണ്. ആരാണോ ഭിന്നിപ്പുണ്ടാക്കുന്നത് അവരോടുളള നിന്റെ ജോലി വിശുദ്ധ ഖുർആൻ മുഖേന അവരുടെ ഭിന്നത അകറ്റുക എന്നതാണ്. ഈ ഖുർആനിനെ സത്യവിശ്വാസികൾക്ക് ദർജ കൾ ലഭ്യമാകുന്നതും അഭിവൃദ്ധിയും റഹ്മത്തും കിട്ടുന്നതുമായ മാർഗമാക്കിത്തീർക്കുക. *(തഫ്സീറെ കബീർ വാല്യം 4, പേജ് 189, ഖാദിയാൻ എഡിഷൻ 2010)*

## 127 – ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീ ഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാ ഹുത്തആലാ ബിനസ്വ്രിഹിൽഅസീസ് 127-ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗ ങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധ ത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്ര കാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നി മിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുക.*(നാള്വിർ ഇസ്വ്ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

## വാർഷിക ഇജ്തിമാകൾ 2022

സയ്യിദുനാ അമീറുൽമുഅ്മിനീൻ അയ്യദ ഹുല്ലാഹ് ഉപസംഘടനകളായ മജ്ലിസ് ഖുദ്ദാമുൽഅഹ്മദിയ്യ, മജ്ലിസ്അൻസ്വാ റുല്ലാഹ്, ലജ്ന ഇമാഇല്ലായുടെ വാർഷി ക ഇജ്തിമാകൾ 2022 ഒക്ടോബർ 21, 22, 23 തിയതികളിൽ നടത്താൻ സമ്മതം ന ല്കിയിരിക്കുന്നു. എല്ലാവരും ദുആയോ ടുകൂടി ഈ ഇജ്തിമാകളിൽ പങ്കെടു ക്കാൻ എല്ലാ വിധത്തിലും ശ്രമിക്കുക.

***(സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത്)***

www.alislam.org

Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin